THE CHURCH WEEKLY

Vol. VIII.	SUNDAY 14th FERUARY 1954	PRICE 2 ANNAS PER COPY	NO. 7

WORKER PRIESTS

The Story of a Fascinating French Experiment

(Fr. C A. Abraham M. A., B. D.)

The story of the workmen-priests of France has arrested the attention of Christians the world over. It was a new thing the Abbe Godin, of humble origins and a great love for souls. In 1943 he prepared a memorandum on the state of the Christian Faith in its relation to the working class of France, and sent it to the Cardinal Archbishop of Paris. The Cardinal, it is said, sat up all night reading the document. It contained a plan to demolish the wall of separation between the Church and the de-Christianised masses. The essence of Abbe Godin's thesis was that to bring Christianity back to the working class a new approach was needed. The priest in his role as the missionary must live among his people as one of them sharing their work, their joy and their sorrow.

The Archbishop of Paris lent his support to this revolutionary idea and by the end of 1943 the Mission de Paris was started. The members of this mission took the oath to devote their life to the christianisation of the working class of Paris. Within a few months of the art of this worki g class of aris. Within a few months of the art of this movement, however, ly 38. But the Mission de Paris eloped encouragingly and at- ted many young priests. Many em took paid jobes in factories, ne lorry drivers or worked as ary labourers. The number of priests was never more than hey attracted great at- d received much adver- priests did not take up manual profession, but lived in the same conditions as the people, wearing the same clothes and sharing the same life, and exercising the divine priesthood.

These worker-priests have been called everything. Admirers called them the commandos of the Church and suspicious labour leaders called them the Fifth column of the Pope. But the Papal attitude to the new movement was not one of unqualified support. For, rumours had reached Rome that the worker-priests were becoming contaminated by by Marxism. This was not without some foundation in fact. During the labour demonstration against the American General Ridgway, when he visited Paris in 1952, one or two worker-priests were taken in charge. During the strikes in France last August some of these priests made a statement supporting the stand of the communist-dominated labour union. However, the charge of Marxist contamination of these priests is greately exaggerated. The truth is that it is impossible for these priests, living among the workers as they do, to avoid getting drawn into the struggle of the labourers. They do not live with the workers in order to influence their votes or to attract them to this or that camp. True to the vision of their founder, the worker-priests aim to do their work by example and suggestion rather than by preaching and proselytism. There have been signs that the workers who have had a priest-workman among them would resent his withdrawal.

In October, 1953 there was some sign of hostility towards this movement from the Vatican. All Bishops in France were asked to forbid students in training for the priesthood to spend any of their training period as workers in factories or ports or ships. The official directive said that though the motive of the Seminarians was good, facts had shown that they were missing their objectives The Papal Nuncio had long discussions with the French Bishops and Archbishops on the whole question of the worker priests. The French Press was full of speculation as to the course of action that the Vatican would adopt Time had came to take stock of the whole experiment.

In November last the French Archbishops took the case of the priest-workmen to the Pope. They had long talks with the Pope on the whole question and they pleaded for official approval to continue the good work of these priests. In a statement after their interviews with the Pope the French Archbishops stated that the Pope showed his anxiety at the great difficulties and dangers inherent in the apostolate of the worker-priests and at the same time expressed his desire that the Church should not at any price abandon its effort for evangelising the de-chrsitianised masses. The Pope, however, imposed several conditions for the continuation of the Apostolate in working-class surroundings. The chief of those are that the priest-workmen should be specially chosen and trained by the Bishop, that they engage in

manual work only for a limited period, that they take no trade-union responsibilities and that they should be attached to a community of priests and not live in isolation.

It is not known what the effect of these and other new conditions will be. Meanwhile, it seems certain that the movement of worker-priests has come to stay as the Church's spearhead of action among the French proletariat. There is little doubt that the work of these priests demands the highest qualities of body, mind and spirit. As Cardinal Feltin said recently, these priests are faced with grave dangers and great opportunities and they have need of our prayers rather than our criticisms.

THE HOLY EUCHARIST

(From the Epiphany dated 23-1-54)

Question. *Roman Catholics believe the consecrated bread and wine are actually converted into Christ's Flesh and Blood but the Protestants reject this. Please explain why there is this difference when Christ himself said the words of Luke 22. 19, 20.*

Answer. The Holy Communion is a sacrament, and a sacrament has two parts, the outward sign, and the inward gift or grace which it conveys. In this sacrament the outward sign is bread and wine, and the inward gift is the spiritual Flesh and Blood of the Risen Christ, which we receive by faith in receiving the outward sign of Bread and wine. It is somewhat as the Godhead was hidden in Christ's human nature while He was on earth. If we deny either the outward sign or the inward and spiritual gift or grace, we deny the truth and nature of the sacrament, just as if we deny Christ's manhood or Godhead we deny the truth of His incarnation.

ചർച്ച് വീക്ക്‌ലി വരിസംഖ്യ

	രൂ.	ണ.	സ.
ഒരു വർഷത്തേക്ക്	6	0	0
ആറു മാസത്തേക്ക്	3	0	0
ഒററപ്രതി	0	2	0
ഇൻഡ്യയ്ക്കു വെളിയിൽ	8	0	0

മലബാർ ഭദ്രാസനസന്ദർശനം

(ബിഷപ്പ് മാർ പത്രോസ് ഒസ്താത്തിയോസ്)

ബ്രഹ്മവാർ, 31—1-1954.—കഴിഞ്ഞ ചൊവ്വാഴ്ച്ച കാലത്തു ബെലിയായിൽനിന്നു തിരിയെ പടിഞ്ഞാറോട്ടു മംഗലാപുരത്തേക്കും അവിടെനിന്നു ഉടനെ വടക്കോട്ടു ബ്രഹ്മവാറിലേക്കും ബസ്സിൽ ആറു നാഴിക സംഞ്ചരിച്ചു ഞങ്ങൾ ഉഡുപ്പിയിൽ എത്തി. ആത്തൂർ ഡായറി ഫാമിന്റെ വാതുക്കൽ ബെഞ്ചിൻ സൂപ്രണ്ടു ഒരു കുപ്പി കൊഴുത്ത പാൽതന്നു. ഒല്ലൂരിയിലെമാർ തെയോഫിലോസ് മെത്രാച്ചന്റെ അനുജൻ ജോസഫും ഞങ്ങളുടെ കൂടെപോന്നു. ഹജ്ജൂരാപ്പീസിൽ നിന്നു പെൻഷൻ അരംഭിച്ചിട്ടുള്ള അയാൾ നമ്മുടെ പുതിയ ബ്രഹ്മവാർ ഹൈസ്ക്കൂളിൽ ജോലിനോക്കുന്നതാണ്. നമ്മുടെ നാട്ടിലെ ക്ഷേത്രങ്ങളിലെ ശാന്തിക്കാർ ഉഡുപ്പി എമ്പ്രാന്മാരാണ്. ഉഡുപ്പിയിൽ നിന്നു അഞ്ചുനാഴിക വടക്കോട്ടു വന്നാൽ പമ്പാനദിയേക്കാൾ മൂന്നിരട്ടി വലിപ്പമുള്ള കല്യാണപുരം നദി, സുവർണ്ണനദി എന്നീ രണ്ടു പുഴകൾ സമ്മേളിക്കുന്ന ഭാഗം വള്ളത്തിൽ കടന്നശേഷം ഒരു നാഴികകടന്നാൽ നമ്മുടെ ബ്രഹ്മവാർ പള്ളിയായി 24 ഏക്കർ വിസ്താരമുള്ള ഒരുപറമ്പിലാണ്, പള്ളി സ്ഥിതി ചെയ്യുന്നതു: ഇത്ര വലിയ പള്ളിപ്പറമ്പു ഞാൻ വേറെ കണ്ടിട്ടില്ല. അതിൽ പകുതി ഹൈസ്ക്കൂളിനായി പള്ളിയിൽ നിന്നും വിട്ടുകൊടുത്തിരിക്കുന്നു. പരേതനായ തുമ്പമൺ കോശികത്തനാരുടെ ഉത്സാഹത്തിലാണ് നമുക്കുഹൈസ്ക്കൂൾ അനുവദിച്ചുകിട്ടിയിട്ടുള്ളതു. നാം ഇതു നടത്തിയില്ലെങ്കിൽ അന്യന്മാർ കൊണ്ടുപോകും. ഹൈസ്ക്കൂൾ കെട്ടിടവും മററും തീർക്കുവാൻ പണസംബന്ധമായി വളരെ ഭാരമുള്ളതുകൊണ്ടു തിരു:കൊച്ചി സുറിയാനിക്കാരുടെ സഹായംകൂടെ ബ്രഹ്മവാറിലേക്കു നീട്ടേണ്ടിയിരിക്കുന്നു. ബ്രഹ്മവാർ പള്ളി പാത്രിയർക്കീസു കക്ഷിക്കാർ അവകാശപ്പെട്ടു കേസ് നടന്നതിന്റെ ഫലമായി മദ്രാസു ഹൈക്കോർട്ടിൽനിന്നു പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയുടെ അധികാരം സ്ഥാപിച്ചു വിധിയുണ്ടായിട്ടുണ്ടു. തെക്കെ കാനറാ ഭംഗിയേറിയ ഒരു ഭൂപ്രദേശമാണ്. ഇവിടെ അറബിക്കടൽ അടുത്താകയാൽ മൽസ്യം ധാരാളം കിട്ടും, ആറുകൾ ധാരാളം ഉള്ളതുകൊണ്ടു ഭൂമിക്കു നല്ലഫലപുഷ്ടിയുണ്ടു. തെങ്ങുകൾ തഴച്ചു വളരുന്നു. കടത്തു കടന്നശേഷം വമ്പിച്ച ഘോഷയാത്രയായിട്ടാണു പള്ളിയിലേക്കു പോന്നതു. വികാരിജനറൽ തുമ്പമൺ ഫാദർ കുര്യാക്കോസ്, കാനറാ മിഷ്യനറി പരുമല ജേക്കബ് ശെമ്മാശൻ ബി. എ. മുതലായി രണ്ടായിരത്തോളം ഇടവകജനങ്ങൾ ബാൻറുസഹിതം ഞങ്ങളെ എതിരേററു. ദൈവമാതാവിന്റെ മൂന്നു ദിവസത്തെ പെരുന്നാളാഘോഷമാകയാൽ പതിവനുസരിച്ചു ഇക്കൊല്ലത്തെ പെരുന്നാൾക്കാരായ മൂന്നു വനിതകൾ പ്രത്യേക പട്ടുവസ്ത്രം ധരിച്ചും വെള്ളിവടികൾ പിടിച്ചും മുമ്പിൽ നടക്കുന്നുണ്ടായിരുന്നു. പള്ളിയുടെ പടിക്കൽ തൃശിനാപ്പള്ളിയിൽ നിന്നു വന്ന വൃദ്ധനായ ഫാദർ അൽവാറീസ് എനിക്കു മെഴുകുതിരി തന്നു എന്നെ സ്വീകരിച്ചു. ലുത്തിനിയാ കഴിഞ്ഞു എന്റെ ഒരു ചെറിയ പ്രസംഗവും പള്ളിയുടെ പടിഞ്ഞാറുവശത്തു സംസ്കരിക്കപ്പെട്ടിരിക്കുന്ന ഫാദർ കോശി ഉൾപ്പെടെയുള്ള മൂന്നുപട്ടക്കാരുടെ കബറുകളിൽ ധൂപപ്രാർത്ഥനയും നടന്നു. പ്രസംഗം കുര്യാക്കോസ് അച്ചൻ കർണ്ണാടക(കൊങ്ങിണി) ഭാഷയിലേക്കു തർജ്ജിമചെയ്തു. ആത്താറു കുന്നംകുളം പോലെ ബ്രഹ്മവാർ ഒരു മഹാഇടവകയാണ്. ബ്രഹ്മവാറിൽ നമുക്കു 400 വീട്ടുകാരും അഞ്ചുനാഴിക ദൂരെ കിഴക്കുതെക്കുള്ള കോളൽ ഗിരി വിശുദ്ധ അന്തോനിയോസിന്റെ പള്ളിയിൽ 30 വീട്ടുകാരും അഞ്ചുനാഴിക ദൂരെ വടക്കുപടിഞ്ഞാറുള്ള ശാസ്താൻ മത്തോമ്മാശ്ളീഹായുടെ പള്ളിയിൽ 75 വീട്ടുകാരും, പതിനെട്ടുനാഴികദൂരെ വടക്കുകിഴക്കുള്ള ഗന്തപ്പൂരു കണ്ടലൂർ വിശുദ്ധ കന്യകമറിയാമിന്റെ പള്ളിയിൽ 20 വീട്ടുകാരുമുണ്ടു.

കഴിഞ്ഞ വെള്ളിയാഴ്ച ഞങ്ങൾ
കോളൽഗിരിപ്പള്ളി സന്ദർശിച്ചു. അ
റിൽ കൂടിവള്ളത്തിലാണു കരോ
ക്കുപോയതു. ഞങ്ങളുടെ വള്ളത്
ന്റെ കൂടെബാൻറു സഹിതം വേ
രുവള്ളവും ഉണ്ടായിരുന്നു. വള്ളം
ന്ന് അടുക്കുന്ന സ്ഥലത്തു കുതിരവ
തയാറായി നിന്നിരുന്നു. അവി
ന്നു ഒന്നരനാഴിക ഘോഷയാത്രയ
ണു പോയതു. പള്ളിയിൽ ഉ
സ്കാരവും എന്റെ പ്രസംഗവ
ഞ്ഞു വിശ്രമിച്ച ശേഷം
യെ കടവിലേക്കു വന്നു

...ച്ചി മണിപ്പാൽ മെഡിക്കൽ കോളജിലേക്കു പോയി. പ്രിൻസിപ്പാൾ ഡോക്ടർ മങ്കേശറാവു കോളജ് മുഴുവൻ കൊണ്ടുനടന്നു കാണിച്ചു. ഒരുവശത്തു കീറിമുറിക്കുവാനുള്ള ശവങ്ങൾ കിടക്കുന്നു. വിദ്യാർത്ഥികളായ കോട്ടയം തോമസ് മാത്യു, കോലഞ്ചേരി നെച്ചൂപ്പാടം തോമസിന്റെ മകന്, പെരമാനി ജോശഅച്ചന്റെ മകൻ അബ്രഹാം, മേല്പാടം ഇട്ടച്ചെറിയ മുതലായ നമ്മുടെ മക്കളെ പലരെയും കണ്ടു. കോളജിൽ പത്തു കല്പനകളെ കുറിച്ചും മലപ്രസംഗത്തെക്കുറിച്ചും സ്വല്പം സംസാരിക്കണമെന്നു എന്നോടു പ്രിൻസിപ്പാൾ ആവശ്യപ്പെട്ടതനുസരിച്ചു ഞാൻ കുറേ നേരം സംസാരിച്ചു. ഏതെങ്കിലും മെഡിക്കൽ കോളജിൽ ഞാൻ പ്രസംഗിക്കുന്നതു ഇതാദ്യമായിട്ടാണ്. ആ വിദ്യാർത്ഥികൾ ഡോക്ടറന്മാരാകുമ്പോൾ അവർ രോഗികളെ ഞെക്കിപ്പിഴിഞ്ഞു പണം പിടുങ്ങരുതെന്നും കനിവോടെ പെരുമാറണമെന്നും ഗുണദോഷിച്ചു. ഇംഗ്ലീഷ് പ്രസംഗത്തിന്റെ മദ്ധ്യേ വലിയ കോയിത്തമ്പുരാന്റെ "സന്ദേഹം വേണ്ട പറഞ്ഞപ്രകാരത്തിനാകാതതെ [illegible]ൽ" എന്ന ശ്ലോകം ചൊല്ലി കർത്താവിന്റെ പ്രാർത്ഥനയോടുകൂടി യോഗം അവസാനിപ്പിച്ചു.

ഇന്നലെ മുന്നൂറു ആൺകുട്ടികളും പെൺകുട്ടികളും കുമ്പസാരിച്ച് കുർബാന അനുഭവിച്ചു. അവരുടെ ശിരസ്സുകളിന്മേൽ ഞാൻ സ്ലീബാ വച്ചു അനുഗ്രഹിച്ചു. ഉച്ചതിരിഞ്ഞ് ശാസ്താൻപള്ളിയിലേക്കു പോയി. പോകുന്നവഴിക്കു വലിയ സീതനദി കടപ്പാനുണ്ട്. ഇവിടെയുള്ള ചെട്ടികൾ നമ്മുടെ നാട്ടിലെ നായന്മാരെപ്പോലെ മരുമക്കത്തായക്കാരാണ്. [illegible]ബാൻറുമേളത്തോടുകൂടിയ ഒരു സ്വീകരണമാണ് ഈ പള്ളിയിലും ഞങ്ങൾ[illegible] ലഭിച്ചതു. ഇന്നു ഞായറാഴ്ച കുർബാന [illegible] കഴിഞ്ഞു ഞങ്ങൾ തിരിയെ മംഗലാ[illegible]ത്തേക്കു പുറപ്പെടുന്നു: അവിടെ നാ[illegible] കുർബാന ചൊല്ലിയശേഷം ഉച്ചവ[illegible]ക്കു എറണാകുളത്തേക്കു പോകും [illegible]ച്ചാഴ്ച കാലത്തു ആറേകാൽ മണിക്കു [illegible]നാകുളത്തു എത്തി മയൽത്തൊകുർ[illegible] മുമ്പു കർപ്പേൽ എത്തും. മൂന്നുമാ[illegible]ളം ഉണ്ടായിരുന്ന ഈ ഭദ്രാസ[illegible]ദർശനം സുഖകേടു കൂടാതെ അ[illegible]കരമാക്കിത്തീർത്ത ദൈവമായക[illegible] സ്തോത്രം.

മലയാളം ബൈബിളിലെ ഭാഷാരീതി

(പി. ഒ. എബ്രഹാം)

ഇന്നു ലോകത്തിലുള്ള ജീവൽ ഭാഷകളിൽവച്ച് ഏററവുമധികം പ്രചാരവ്യാപ്തിയും പദസമൃദ്ധിയും ആശയപുരോഗതിയും നേടിയിട്ടുള്ള ഇംഗ്ലീഷിൽ, ബൈബിൾ അതിന്റെ അനുപമമായ സാഹിത്യ സൗകുമാര്യം മാത്രം നോക്കിയാൽപോലും, ലോകോത്തരമായ ഒരു അതുല്യഗ്രന്ഥമായി വിലമതിക്കപ്പെട്ടു പോരുന്നു. ക്രിസ്തുമതത്തിന്റെ തത്വങ്ങളിലും ഉപദേശങ്ങളിലും വിശ്വാസമില്ലാത്തവർപോലും സാഹിത്യപരമായ ഒരു അധ്യയന ഗ്രന്ഥമെന്നനിലയിൽ ബൈബിൾ പതിവായി പാരായണം ചെയ്തുപോരുന്നവരായുണ്ട്. എന്നാൽ മലയാളം ബൈബിളിലെ ഭാഷാരീതി ഇതിൽനിന്നുവളരെ വ്യത്യസ്തമാണെന്നു സവ്യസനം പറയാതെയിരിക്കാൻ നിർവാഹമില്ല. ചരിത്രപരവും, വേദശാസ്ത്രപരവും, തത്വചിന്താപരവും, മററുമായ ജിജ്ഞാസ കൊണ്ടെങ്കിലും മലയാളം ബൈബിൾ ഒന്നു വായിച്ചു നോക്കിയാൽ കൊള്ളാമെന്നാഗ്രഹമുള്ള പല ക്രിസ്ത്യേതര സഹോദരന്മാരും പുസ്തകം കൈയിലെടുത്തു വായന തുടങ്ങുമ്പോൾതന്നെ അതിന്റെ അസുന്ദരമായ രചനാരീതികണ്ടു മനംമടുത്തു നിരാശയോടെ പിന്മാറുന്നതായിയറിയാം. മലയാള ഭാഷയുടെ ഗുണദോഷങ്ങളെപ്പററി സാമാന്യം ബോധമുള്ള സാഹിത്യ രസികന്മാരുടെ കാര്യം പറയാനുമില്ല. മലയാളത്തിന്റെ നൈസർഗ്ഗികമായ പ്രവണതകൾക്കനുയോജ്യമല്ലാത്ത അനേകം രചനാ വൈകൃതങ്ങളും പദപ്രയോഗവൈകല്യങ്ങളും മലയാളം ബൈബിളിൽ സ്ഥലം പിടിച്ചിട്ടുണ്ടെന്നുള്ളതാണീ വൈമുഖ്യത്തിനു കാരണം. മലയാളഭാഷയിലേക്കു ബൈബിൾ തർജ്ജമ ചെയ്തവർ മലയാള സാഹിത്യവുമായി വേണ്ടത്ര പരിചയമുള്ളവരല്ലായിരുന്നു എന്ന വസ്തുത മലയാളം ബൈബിളിൽ എവിടെ നോക്കിയാലും മനസ്സിലാക്കാൻ പ്രയാസമില്ല. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഓരോ വാക്കും, മറെറാരാൾ പറഞ്ഞുകൊടുത്തു എഴുതിക്കുന്നതുപോലെ, ദൈവാത്മാവിന്റെ നേരിട്ടുള്ള പ്രേരണയെ ആവാഹിച്ചുകൊണ്ടു തൽക്കന്മാർ എഴുതിയതാണെന്നത്രേ ക്രിസ്ത്യാനികൾ പൊതുവേ വിശ്വസിക്കുന്നതു. ആ സ്ഥിതിക്കു ബൈബിൾ തർജ്ജമ ചെയ്യുമ്പോൾ ഒരു വള്ളിയിലോ, പുള്ളിയിലോ പദപ്രയോഗത്താലോ വന്നു പോകാവുന്ന പ്രമാദം, സാരതരമായ ആശയവ്യതിയാനത്തിനിടയാക്കുമെന്നൊരു അപകടം പിടിച്ച നൂൽപ്പാലത്തിലൂടെയാണ് പരിഭാഷകൻ, ഏററവും സൂക്ഷ്മതാ പൂർവം ഓരോ അടിയും മെല്ലെ മുന്നോട്ടു വച്ചുനടന്നു പോകേണ്ടതെന്ന വിഷമാവസ്ഥയും പ്രകൃതത്തിൽ വിസ്മരിക്കത്തക്കതല്ല. തോന്നിക്കാവുന്ന ചില ആശയഭ്രംശങ്ങൾ കേന്ദ്ര സന്ദേശത്തിന്റെ അന്തസ്സത്തയ്ക്കു തന്നെ രൂപഭേദം വരുത്തിയെന്നുംവരാം. ഈ പരിമിതികളുടെ പരിധികളിൽ നിന്നുകൊണ്ടു തന്നെ, മലയാളം ബൈബിളിലെ ഭാഷാരീതി കാലോചിതമായി പരിഷ്ക്കരിക്കാൻ സാധ്യമല്ലാതെ വരുന്നതല്ലെന്നാണെനിക്കു തോന്നുന്നതു. ഇന്നത്തെ തർജ്ജമയെക്കാൾ കുറെക്കൂടി സ്വാദും ഭാഷാഭംഗിയും കലർന്ന ഒരു മലയാള ഗദ്യത്തിലേക്കു ബൈബിൾ വിവർത്തനം ചെയ്യപ്പെടുന്ന പക്ഷം, അതു സാഹിത്യാഭിമാനികളായ ക്രിസ്ത്യേതരസഹൃദയന്മാർക്കുകൂടി പാരായണ പ്രേരണ നൽകത്തക്കവണ്ണം സ്വാഗതാർഹമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഒരു ഉദാഹരണം നോക്കാം:—

സെൻറു പോൾ അന്നു റോമിലുണ്ടായിരുന്ന ക്രിസ്ത്യാനികൾക്ക് അയച്ച ഒരു പ്രബോധന ലേഖനത്തിൽ പറയുന്ന ഒരു ഭാഗം ഇംഗ്ലീഷിൽ ഇങ്ങനെയാണ്:—

For I say through the grace given to me, to every man that is among you, not to think of himself more highly than he ought to think; but to think soberly, according as God has dealt to every man the measure of faith. For as we have many members in one body and all members have not the same office. So we being many, are one body in Christ, and every one members one of another.

Having then gifts according to the grace that is given to us:....... Let love be with-

out dissimulation. Abhor that which is evil. Cleave to that which is good.

ആധുനിക ഇംഗ്ലീഷ് ശൈലിരീതിയിൽ അമേരിക്കയിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ബൈബിളിൽ ഈ ഭാഗം താഴെകാണുന്ന രീതിയിൽ വിവർത്തനം ചെയ്യുരിക്കുന്നു:—

"By the favour that God has shown me, I would tell every one of you, not to think too highly of himself, but to think reasonably, judging himself, by the degree of faith God has allowed him. For just as there are many parts united in our human bodies, and the parts do not have all the same function, so, many as we are, we form one body through union with Christ, and we are individually parts of one another........your love must be genuine. You must hate what is wrong and hold to what is right.]'

മലയാളംബൈബിളിൽ ഈ ഭാഗത്തിന്റെ പരിഭാഷ ഇങ്ങനെയാണ്:– ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ, ദൈവം അവനവനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കണമെന്നും, ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങൾ ഉണ്ടല്ലോ. അതുപോലെ പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു. സ്നേഹം നിർവ്യാജം ആയിരിക്കട്ടെ. അവതീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊൾവിൻ"

"Not to think of himself more highly than he ought to think" എന്നോ Not to think too highly of himself. എന്നോ ഉള്ളതിനു "ഭാവിക്കേണ്ടതിനുമീതെ ഭാവിച്ചുയരാതെ" എന്നു പറഞ്ഞാൽ, ഭാഷാഭംഗി പോകട്ടെ, ആശയംതന്നെ വ്യക്തമാകുന്നുണ്ടോ? അവനവൻ ഭാവിക്കുന്നതിനെപ്പറ്റിയല്ല, അവനവന്റെ മിഥ്യാ ബോധത്തെപ്പറ്റിയാണവിടെ പരാമർശിക്കുന്നതു്. അവനവന്റെ യഥാർത്ഥമായ അർഹതയിൽ കവിഞ്ഞുള്ള, മിഥ്യാപരമായ ആത്മബോധത്തിനു് അഹങ്കാര ചിന്തകൾക്കു മനുഷ്യർ വിധേയരാകാതെ സൂക്ഷിക്കണമെന്നാണ് ആശയം. ഭാവിക്കേണ്ടതിനുമീതെ ഭാവിച്ചുയരാതെ എന്ന തർജ്ജമകൊണ്ടു വേണ്ടത്ര സ്പഷ്ടമാകുന്നില്ല. ഇതിനിടയിൽ ഉയരുക, എന്ന വാക്ക് എന്തിനു് എവിടെനിന്നു്, എങ്ങനെ വന്നു കയറിയെന്നു മനസ്സിലാകുന്നില്ല. Highly എന്നതിനു പകരമായിരിക്കാം! Think highly—ഭാവിച്ചുയരുക!!

ഇനി നോക്കാം. "So, We being many are one body in Christ and every one members one of another" എന്നതിലെ അവസാന ഭാഗത്തിന്റെ ആശയം "എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു." എന്ന തർജ്ജമകൊണ്ടു വ്യക്തമാകുന്നുണ്ടല്ലോ? ഇംഗ്ലീഷുഭാഷ അറിഞ്ഞുകൂടാത്ത ഒരാൾ "എല്ലാവരും തമ്മിൽ തമ്മിൽ അവയവങ്ങൾ ആകുന്നു. എന്നു കേട്ടാൽ എന്തു മനസ്സിലാക്കും? ഓരോ വ്യക്തിയും ഇതരവ്യക്തികളുടെ സഹഘടകങ്ങളാണ് എന്നാണു വിവക്ഷിതം. പക്ഷെ തർജ്ജമയിൽ ആ ആശയം അത്രയ്ക്കു വ്യക്തമാകുന്നില്ല. മൂലത്തിലെ ആശയത്തിന്റെ സ്പഷ്ടതയാണല്ലോ തർജ്ജമയുടെ ഒരു പ്രധാന മാനദണ്ഡം. ഇങ്ങനെ വികലങ്ങളും അസ്പഷ്ടങ്ങളുമായ പരിഭാഷാമാതൃകകൾ മലയാളം ബൈബിളിൽ അനേകം കാണാൻ കഴിയും. ഭാഷാരീതിക്കു ഔർജ്ജിത്യവും സൌഷ്ഠവവും കുറഞ്ഞ ഭാഗങ്ങളും ധാരാളമുണ്ടു്. ഈവക വൈകല്യങ്ങൾ, മലയാളം ബൈബിൾ നിത്യേന പാരായണം ചെയ്യുന്ന ക്രിസ്ത്യാനികളുടെ ഭാഷാപ ബോധത്തെ തന്നെ എന്നെന്നേക്കും താണപടിയിൽ പിടിച്ചുനിറുത്താൻ സാധിക്കുമെന്നുള്ള ദൃഷ്ടിയിൽ പാശ്ചാമേ, സാഹിത്യ കുതുകികളായ ക്രിസ്ത്യേതരന്മാരെ ബൈബിൾ പാരായണത്തിനു പരാംഗ്മുഖരാക്കുകയും ചെയ്യും. അഥവാ അങ്ങനെ ചെയ്യുന്നുണ്ടു്. അതിനാൽ, മലയാളസാഹിത്യത്തിന്റെ ഇന്നത്തെ വളർച്ചയ്ക്കും അഭിരുചിക്കും അനുയോജ്യമായവിധത്തിൽ മലയാളം ബൈബിളിലെ ഭാഷാരീതി പരിഷ്ക്കരിക്കുന്നതു് എല്ലാ വിധത്തിലും അഭികാമ്യമായ ഒരു സദുദ്യമമായിരിക്കും. പറയുമ്പോൾ പെട്ടെന്നു കഴിയുമെങ്കിലും, അത്യദ്ധ്വാനകരവും അതീവ ക്ലേശകരവുമായ ഒരു മഹാശ്രമം കൊണ്ടേ അതു സാധിക്കൂ. പക്ഷെ അതിനു തക്ക വ്യുൽപത്തിയും കെൽപ്പും മനോധർമ്മവിലാസവുമുള്ള ചില പണ്ഡിതന്മാരെയെങ്കിലും ഇന്നു ക്രൈസ്തവ സമുദായത്തിൽനിന്നു കിട്ടാതെ വരുന്നതല്ല. പോരെങ്കിൽ ക്രിസ്ത്യേതര സമുദായങ്ങളിൽപെട്ട പണ്ഡിതന്മാരുടെയും സഹകരണം ഈ മഹാശ്രമത്തിൽ പ്രയോജനകരമായിരിക്കും. അങ്ങനെ ഭാഷാ സൗകുമാര്യവും, ഗാംഭീര്യവും തികഞ്ഞ ഒരു മലയാളം ബൈബിൾ നമ്മുടെ ഭാഷാ സാഹിത്യത്തിനു വലിയൊരു നേട്ടമായിരിക്കും. പക്ഷെ, ഈ അഭിലാഷം രൂപപ്പെടുക്കാൻ ഇനി എത്രകാലം പിടിക്കുമോ ആവോ!

വസ്തുവും ആത്മാവും തമ്മിലുള്ള ബന്ധം

(ലീവിസ് മക്‌ലച്ചൻ)

ജീവിതത്തിനു രണ്ടുവശമുണ്ടു്. വസ്തുപര ദൃഷ്ടാന്തത്തിൽ വീക്ഷിക്കുന്നതാണു് അതു്. ഒന്നിനു നാം ഭൗതികം എന്നും മറ്റതിനു ആത്മീകം എന്നും പേരുകൊടുക്കുന്നു. ഉദാഹരണമായി ഒരു പുസ്തകംതന്നെ എടുക്കാം. പുസ്തകപാരായണത്തിൽ താല്പര്യമുള്ള ആൾക്കു ആ പുസ്തകം രണ്ടു വിധത്തിൽ അനുഭവപ്പെടുന്നു. അല്ലെങ്കിൽ ആ പുസ്തകത്തിനു രണ്ടു ഭാഗമുണ്ടു് എന്നു പറയാം. ഒന്നാമതു് പുസ്തകത്തിന്റെ കടലാസ്, അക്ഷരം, ബയൻറിംഗ് മുതലായ കാണാവുന്നതും അളന്നു നോക്കാവുന്നതുമായ ഭൗതിക വസ്തുക്കൾ, ഇതിനു അതിന്റേതായ വിലയും ഉണ്ടു്.

രണ്ടാമതായി കാണപ്പെടുവാൻ പാടില്ലാത്തതും എന്നാൽ പുസ്തകത്തിനു യഥാർത്ഥത്തിൽ കൂടുതൽ വില നൽകുന്നതുമായ ആത്മീക വശമാണു്. അതു പുസ്തകത്തിന്റെ ഉള്ളടക്കമായ സന്ദേശമോ ചിന്തയോ ആയിരിക്കും. ഇതിനെയാണു നാം യഥാർത്ഥത്തിൽ പുസ്തകമെന്നു വിളിക്കുന്നതു്, ഈ ചിന്തകൾക്കുവേണ്ടിയാണു് പുസ്തകം നിർമ്മിക്കപ്പെടുന്നതു്. അതില്ലാത്ത പുസ്തകം വെറും ചവറാണു്. അതു് ഒരലങ്കാരമായോ, പേപ്പർ വെയിറ്റായോ ഉപകരിക്കാം. എന്തെന്നാൽ അതു പുസ്തകമല്ല തന്നെ. എന്നാൽ യഥാർത്ഥ പുസ്തകം എന്നു പറയുന്നതു അദൃശ്യവും സ്പർശനാതീതവുമാണു്. വാക്കുകൾ ഉണ്ടാകുന്ന അക്ഷരങ്ങൾ നമുക്കു കാണാമെങ്കിലും നമുക്കു ഈ വാക്കുകൾ പ്രകാശിപ്പിക്കുന്ന ചിന്തയെ കാണുന്നതിനോ സ്പർശിക്കുന്നതിനോ അളക്കുന്നതിനോ സാദ്ധ്യമല്ല.

പുസ്തകത്തിലെ ചിന്തയും സന്ദേശവും തികച്ചും വസ്തുപരമല്ല, ആത്മീകമാണു്. പുസ്തകത്തിന്റെ ഈ രണ്ടു ഭാഗങ്ങളും തമ്മിൽ വളരെ ബന്ധമുള്ള[...]ം എന്നാൽ വിഭിന്നവുമാണെന്നും ന[...] കാണുവാൻ കഴിയും. അവ തമ്മി[...]ള്ള ബന്ധത്തിൽ മൂന്നു സുപ്രധാനവും, [...]പൂർവമായ വസ്തുതകൾ നല്ലവണ്ണം വ്യ[...]കുന്നു. ( ) ആത്മീകത്തിനു പ്രകാ[...] നൽകുന്നതിനാണു വസ്തു ഉണ്ടായി[...]ന്നതു്. ചിന്തയോ പ്രകാശിപ്പി[...]തിനു അർത്ഥമോ ഇല്ലാതെ വെ[...]ന്ന അക്ഷരവും കൂടിച്ചേർ[...]മാകുകയില്ല. 'ആത്മീക പുസ്തകത്തിന്റെ നേരെയുള്ള ഉത്ഭവമാണു് 'ഭൗതിക പുസ്തകം ഉണ്ടാകുന്നതിനുള്ള കാരണം. ഭൗതിക പുസ്തകത്തിന്റെ ഉദ്ദേശം ആത്മീകത്തെ വെളിപ്പെടുത്തുക അഥവാ തുറന്നു കാട്ടുക എന്നുള്ളതാണു.

(2) ആത്മീകത്തിനു വേണ്ടിയും ആത്മീകത്താലും ഭൗതികം സൃഷ്ടിക്കപ്പെടുന്നു. പ്രകാശം ആവശ്യപ്പെടുന്ന എഴുത്തുകാരന്റെ ചിന്തയോ അഥവാ സന്ദേശമോ ആണു പുസ്തകം ഉണ്ടാകുന്നതിനുള്ള കാരണം.

(3) വസ്തു താൽക്കാലികമായിട്ടുള്ളതും നാശത്തിനു വിധേയവുമാണു്. എന്നാൽ ആത്മീക ശാശ്വതവും, നശിക്കാത്തതുമാണു്. പുസ്തകത്തിന്റെ വസ്തു തീവെച്ചു നശിപ്പിക്കുന്നതിനോ പൾപ്പാക്കിയെടുക്കുന്നതിനോ സാധിക്കും. എന്നാൽ വായനക്കാരന്റെ മനസ്സിൽ അതിലെ സന്ദേശമോ ചിന്തകളോ അവശേഷിച്ചാൽ അതു നശിക്കുന്നില്ല. ഉള്ളടക്കം പുസ്തകമല്ലാതെ അറിയപ്പെടുകയില്ലെങ്കിലും അതു അതിന്റെ നഷ്ടത്തെയോ നാശത്തെയോ അതിജീവിക്കുന്നു.

പുസ്തകത്തിന്റെ ഉദാഹരണം എല്ലാ വസ്തുക്കൾക്കും യോജിക്കുന്നതാണു്. എന്തെന്നാൽ എല്ലാ വസ്തുക്കൾക്കും രണ്ടുവശമുണ്ടു്. കാണപ്പെടുന്നതും, കാണപ്പെടുവാൻ സാദ്ധ്യമല്ലാത്തതും, ലൗകികവും, ശാശ്വതവും. വസ്തുപരമായ പുസ്തകത്തിനു യഥാർത്ഥ വില കൊടുക്കുന്ന വസ്തുപരമല്ലാത്ത ഒരു വശം ഉള്ളതുപോലെ ലോകത്തിനും മറ്റൊരു വശമുണ്ടെന്നു, ജീവിതത്തിന്റെ ലക്ഷ്യവും അർത്ഥവും അറിയാമെങ്കിൽ, മനസ്സിലാക്കാൻ നാം ശ്രമിക്കണം.

(1) ഭൗതികലോകം ആത്മീകത്തിനു പ്രകാശനം കൊടുക്കുവാൻ വേണ്ടി നിലകൊള്ളുന്നു.

(2) ആത്മീകം എല്ലാ ലൗകിക വസ്തുക്കളുടെയും സ്രഷ്ടാവാണു്. അതില്ലാതെ ലൗകിക വസ്തുക്കൾ ഇല്ല.

(3) വസ്തുവിനെ ആത്മീകം അതിജീവിക്കുന്നു. അതു വസ്തുവിനു മുമ്പുതന്നെ നിലകൊള്ളുകയും ചെയ്യുന്നു. ഈ സത്യം എല്ലാ വസ്തുക്കളെ സംബന്ധിച്ചും വിശേഷ്യാ മനുഷ്യശരീരത്തെ സംബന്ധിച്ചും ശരിയാണു്. എന്തെന്നാൽ (1) ശരീരം ആത്മാവിന്റെ പ്രകടനമാണു്. (2) ശരീരം ആത്മാവിന്റെ സൃഷ്ടിയാണു്. (3) ആത്മാവു് ശരീരത്തെ അതിജീവിക്കുന്നു.

ഒരു പുസ്തകത്തെ സംബന്ധിച്ചായാലും മനുഷ്യശരീരത്തെ സംബന്ധിച്ചായാലും കാണപ്പെടുവാൻ പാടില്ലാത്തതാണു് മുഖ്യമായ ഭാഗം. സ്പർശിച്ചറിയുവാൻ സാദ്ധ്യമല്ലാത്ത ആത്മാവു തന്നത്താനെ വെളിപ്പെടുമ്പോഴാണു നമുക്കു കാണുവാനും സ്പർശിക്കുവാനും സാധിക്കുന്നതു്. ഈ വശത്തെ നമുക്കു ആത്മീകമെന്നോ, ദൈവികമെന്നോ ശാശ്വതമെന്നോ വിളിക്കാം. പ്രത്യക്ഷത്തിൽ കാണാവുന്ന വ്യക്തമായ വസ്തുതയാണു് അതു്. പ്രകാശനത്തിനുള്ള ഉപാധിമാത്രമാണു് ഭൗതിക വസ്തുക്കൾ പ്രകാശിപ്പിച്ചിരിക്കുന്നതാണു് ആത്മീകവശം. ലോകത്തെ അപ്പാടെ എടുക്കുന്നപക്ഷം അതിനുള്ളിൽ കിടക്കുന്ന അർത്ഥം അഥവാ പ്രാധാന്യം എന്താണു്.? ഭൗതിക ലോകം പ്രകാശനോപാധിയായിരിക്കുന്ന ആത്മാവു് എന്താണു്.?

(ഇൻറലിജൻസ് പ്രെയറിൽ നിന്നും.)

ഈ ആഴ്ചയിലെ വിശേഷദിവസങ്ങൾ

ഫെബ്രു.14. പട്ടക്കാരുടെ ഞായറാഴ്ച.
21. സകല മരിച്ചവരുടെയും ഓർമ്മ.
22. മാർ പത്രോസിന്റെ ഓർമ്മ.

വാരപഞ്ചാംഗം

ഫെബ്രുവരി മകരം

ഞായർ	14	2
തിങ്കൾ	15	3
ചൊവ്വ	16	4
ബുധൻ	17	5
വ്യാഴം	18	6
വെള്ളി	19	7
ശനി	20	8

Thought for the Week

"Character is property. It is the noblest of possessions."

Smiles.

THE CHURCH WEEKLY

ആസന്നമായ തെരഞ്ഞെടുപ്പ്

തിരു–കൊച്ചി സംസ്ഥാനം അടുത്തയാഴ്ച വിധിനിർണ്ണായകമായ ഒരു രാഷ്ട്രീയ തെരഞ്ഞെടുപ്പിലേക്കു പ്രവേശിക്കുകയാണ്. സാർവജനീനമായ ഒരു ഉണർച്ച എവിടെയും പ്രത്യക്ഷമാണ്. ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിച്ചുകഴിഞ്ഞതിൽ പിന്നെ അതുപോലെ നമ്മുടെ ത്യാഗത്തേയും ധർമ്മബോധത്തേയും ഉത്സാഹത്തേയും ഉദ്ദീപിപ്പിക്കുന്ന ലക്ഷ്യങ്ങൾക്കുവേണ്ടി മഹത്തായ സംരംഭങ്ങളിലേർപ്പെടുവാൻ നമ്മുക്ക് അവശേഷിക്കുന്നുണ്ടോയെന്നു അലസമായി നാം ചിന്തിച്ചുകഴിഞ്ഞേക്കാം. ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിച്ചതു അഭൂതപൂർവ്വമായ ഒരു മാർഗ്ഗത്തിൽ കൂടെയാണ്. സത്യവും, സഹനസമരവും, അക്രമരാഹിത്യവും ചക്കായും കൊണ്ടു ലോകത്തിലെ ഏറ്റവും സുശക്തമായിരുന്ന ഒരു രാഷ്ട്രത്തെ അടിമുഖീകരിച്ചു നമുക്കു സ്വാതന്ത്ര്യം നേടിത്തന്ന മഹാത്മാവു് ആ രീതിയിലുള്ള മാർഗ്ഗങ്ങളിൽക്കൂടെത്തന്നെ നമ്മുടെ രാഷ്ട്രൈശ്വര്യവും ക്ഷേമവും കെട്ടിപ്പടുക്കാമെന്നു അഭിലഷിച്ചിരുന്നു. ആ മഹത്തായ സാരംഭത്തിൽ നമുക്കു നമ്മുടെ സേവനസന്നദ്ധതയും, ത്യാഗശീലവും സമർപ്പിക്കുവാൻ ധാരാളം സാദ്ധ്യതകൾ തുറന്നുകിടക്കുന്നു എന്നു കമ്മ്യൂണിസ്റ്റ് വിപത്തു നമ്മെ ചൂണ്ടിക്കാണിക്കുന്നു. ഈ ലക്കത്തിൽ തന്നെ ഡീക്കൻ എം. വി. ജോർജ്ജ് അവർകൾ എഴുതിയ ഒരു ലേഖനത്തിന്റെ സംഗ്രഹം ചേർത്തിരിക്കുന്നതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. മതവിശ്വാസമുണ്ടെന്നും, ഉന്നതമായ സാമൂഹ്യലക്ഷ്യങ്ങൾ പാലിക്കുന്നുണ്ടെന്നും അഭിമാനിക്കുന്ന രാഷ്ട്രീയകക്ഷികൾ അവരണ്ടിനെയും, സ്വാതന്ത്ര്യത്തെ തന്നെയും അപകടത്തിലാക്കുന്ന കക്ഷികളോടു കൂട്ടുപിടിച്ചു, സാധാരണജനങ്ങളുടെ ചിന്താഗതിയെ വഴി തെറ്റിക്കുന്ന പാർട്ടികളേയും നാം സൂക്ഷിക്കേണ്ടതാണ്. വളരെ കരുതലോടും ഉത്തരവാദിത്വത്തോടുംകൂടി വിനിയോഗിക്കേണ്ട ഒരു അവകാശമാണ് പ്രായപൂർത്തിവോട്ടവകാശം. ആ അവകാശം ഒരു ഉത്തരവാദിത്വവുമാണ്. കഴിഞ്ഞ ഒരു ലക്കത്തിൽ പാത്രിയർക്കീസു കാതോലിക്കാ കക്ഷിമത്സരങ്ങൾ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികളിൽ ചിലരുടെ പരാജയത്തിനു ഇടയാക്കരുതെന്നു ഞങ്ങൾ അഭ്യർത്ഥിച്ചിരിക്കുന്നു. ദൈവാനുഗ്രഹത്താൽ അങ്ങനെയുള്ള ഒരു പകവീട്ടലിന്റെ ലാഞ്ചന ഈ തെരഞ്ഞെടുപ്പിൽ പ്രകടമായി കാണുന്നില്ലെന്നുള്ളതു ചാരിതാർത്ഥ്യജനകമായിരിക്കുന്നു. ഈ ഉദ്ദേശലക്ഷ്യങ്ങളിൽ മനഃപൂർവ്വം സൗഹൃദമനോഭാവം നാം പ്രകടമാക്കിയാൽ കാലക്രമേണ സ്ഥായിയായ മാറു ഭിന്നതകളേയും നേരിടുവാനും സമുദായ സമാധാനം കൈവരുത്തുവാനും നമുക്കു സാധിക്കും. ഈ അവസരത്തിൽ നമ്മെ ഭരിക്കേണ്ട ശാശ്വതമായ പരിഗണനകൾ ഉണ്ട്. വ്യക്തിസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം ഇങ്ങനെ ലോകത്തിൽ വസിക്കുന്നു സുഖപ്രദാകയമായിത്തീർക്കുന്ന സകല ജന്മാവകാശങ്ങളും അപകടത്തിലാക്കുന്ന ഒരു വ്യവസ്ഥിതിക്കു വോട്ടു ചെയ്തു ആത്മഹത്യ ചെയ്യുവാൻ നമ്മിൽ ആരും ഒരുമ്പെടുകയില്ലെന്നു കരുതുന്നു.

തെരഞ്ഞെടുപ്പിൽ ശ്രദ്ധിക്കേണ്ട ധാർമ്മിക പശ്ചാത്തലം

(റവ. ഡീക്കൻ എം. വി. ജോർജ്ജ)

പ്രായപൂർത്തിവോട്ടകാശം ഒരു ചെറിയ അവകാശമല്ല. ഒരു രാഷ്ട്രത്തിന്റെ പൗരനെന്ന നിലയിൽ ഒരുവനു ലഭിക്കാവുന്ന ഏറ്റവും വലിയ പദവിയാണ് യഥാർത്ഥ ജനാധിപത്യതത്വത്തിന്മേൽ അടിസ്ഥാനമാക്കിയുള്ള പ്രായപൂർത്തിവോട്ടവകാശം. കമ്മ്യൂണിസ്റ്റും പർട്ടിക്കുവേണ്ടി വോട്ടു ചെയ്യരുതു് എന്നു ക്രൂസലെന്യേ പറയാൻ ഞാൻ മടിക്കാത്തതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് നിലവിലിരിക്കുന്ന ഗവൺമെൻറിനെ മാറുവാനുള്ള അവകാശം കമ്മ്യൂണിസ്റ്റുശക്തി ഇവിടെ സ്ഥാപിക്കുവാനായി ഉപയോഗിച്ചാൽ വോട്ടറന്മാർക്കു പിന്നെ അവരുടെ ജന്മാവകാശവും, പദവിയും നഷ്ടപ്പെട്ടുമെന്നുള്ളതുകൊണ്ടാണ്. യതൊരു കമ്മ്യൂണിസ്റ്റുരാജ്യത്തും എതിർപക്ഷ പാർട്ടിയെ അനുവദിച്ചിട്ടില്ല. ഏകപക്ഷ ഗവൺമെൻറിൽ മാത്രം വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ വോട്ടവകാശം ഉണ്ടെന്നു പറയുന്നതു് ഗവർമ്മെൻറു നിറുത്തുന്ന ആളുകൾക്കു മാത്രം വോട്ടു ചെയ്യുന്നതിനുള്ള അവകാശമാണ്. ആ അവകാശംകൊണ്ടു യാതൊന്നും സാധിപ്പാൻ പോകുന്നില്ല. 1953 ജൂൺ 16, 17 എന്നീ തീയതികളിൽ ഈസ്റ്റ് ജർമ്മനിയിലെ കമ്മ്യൂണിസ്റ്റ് ഗവൺമെൻറിനെതിരായി അവിടെയുള്ള തൊഴിലാളികൾ ലക്ഷക്കണക്കിനു ചേർന്നു നടത്തിയ സമരം" ഞങ്ങൾക്കു് സ്വതന്ത്രമായി വോട്ടുചെയ്യുവാനുള്ള അവകാശം വേണം. ഞങ്ങൾക്കു് അടിമകളായിരിപ്പാൻ ആഗ്രഹമില്ല.. ഞങ്ങളുടെ വേലസമയം വെട്ടിക്കുറയ്ക്കണം എന്നിത്യാദി മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടായിരുന്നു". എന്നാൽ ഗവൺമെൻറു ടാങ്കുകളുടെയും മെഷീൻതോക്കുകളുടേയും ശക്തിയാൽ ആ വിപ്ലവത്തെ അടിച്ചമർത്തുവാൻ സാധിച്ചു. സ്വാതന്ത്ര്യമായി വോട്ടുചെയ്യുവാനായി തിരു–കൊച്ചിയിലെ പൗരന്മാർക്കു് ഇപ്പോൾ ലഭിച്ചിരിക്കുന്ന വലിയ പദവി കമ്മ്യൂണിസ്റ്റു സ്ഥാനാർത്ഥികൾക്കായി വോട്ടുചെയ്തു എന്നേക്കും നഷ്ടപ്പെടുത്തുന്നതു് ബുദ്ധിയല്ലായെന്നു് ഒന്നാമതായി വോട്ടറന്മാർ ചിന്തിക്കണം. മ[illegible]ഷ്യൻ അപൂർണ്ണനാണ്. മനുഷ്യൻ [illegible]ണ്ടാക്കുന്ന ഗവൺമെൻറുകളും അപൂർ[illegible]മായിരിക്കാനെ നിവൃത്തിയുള്ളു. അ[illegible]കാരം ആരേയും ചിത്തയാക്കുവാൻ [illegible]

(ശേഷം 8–ാം പേജിൽ)

പ്രതിവാരപ്രസംഗം (The Sermon for the Week)

ഭാവി തലമുറകളോടുള്ള നമ്മുടെ ചുമതല

(എം. റ്റി.)

"വരുവാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി ഇതു എഴുതിവെക്കട്ടെ" (സങ്കീർത്തനങ്ങൾ 102: 18)

വ്യക്തിജീവിതത്തിലും സാമുദായിക പരിപാടികളിലും ഭാവി തലമുറകളെ സംബന്ധിച്ചുള്ള ഉത്തരവാദിത്വബോധവും തജ്ജന്യമായ മുൻകരുതലുകളും ഒരു വലിയ പങ്കു വഹിക്കുന്നുണ്ട്. എന്നാൽ ഇതിനെ സാരമായി ബാധിക്കുന്ന രണ്ടു വിഭിന്ന ചിന്തകൾ ലോകചരിത്രത്തിൽ കാണാം. യഹൂദജാതിയെ സംബന്ധിച്ചു പറഞ്ഞാൽ അവരുടെ സുവർണ്ണകാലം എപ്പോഴും വരുവാനുള്ള ഒന്നായി സങ്കല്പിക്കപ്പെട്ടിരുന്നു. അതിന്റെ ആഗമനത്തിനായി പ്രത്യാശയോടുകൂടി അവർ കാത്തിരുന്നു. യഹൂദജാതി ഒഴിച്ചുള്ള മററു പുരാതന ജാതികൾ അവരുടെ സുവർണ്ണകാലം കഴിഞ്ഞുപോയതായി കരുതിയിരുന്നു. നഷ്ടപ്പെട്ട ആ നല്ല കാലങ്ങളെ ഓർത്തു് അവർ വിലപിക്കയും നിരാശപ്പെടുകയും ചെയ്തു. ഭാവിയിലെ സുവർണ്ണകാലം പ്രതീക്ഷിച്ചിരുന്ന യഹൂദനു് ഒരു നല്ല ജീവിതോദ്ദേശമുണ്ടായിരുന്നു. അവനു് ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജാതിയിലെ ഒരംഗമെന്ന നിലയിൽ ദൈവവിളിയുടെ ആഴമായ ഒരു ബോധമുണ്ടായിരുന്നു. വരുവാനുള്ള സുവർണ്ണ കാലത്തെ സ്വാഗതം ചെയ്തു് അനുഭവസിദ്ധമാക്കുവാൻ ആവശ്യമായ ധാർമ്മികമൂല്യങ്ങളെ പരമ്പരാഗതമായി അവർ പരിരക്ഷിച്ചുവന്നു. സാമുദായികജീവിതത്തിൽ കുടുംബം സർവ്വപ്രധാനഘടകമായിരുന്നു. കുടുംബജീവിതത്തിൽ കൂടെയല്ലാതെ പാരമ്പര്യങ്ങളെ പരിരക്ഷിക്കുവാനോ പരിപോഷിപ്പിക്കുവാനോ സാധ്യമല്ലെന്നു് അവർ അറിഞ്ഞിരുന്നു. ക്രിസ്തീയ [കു]ടുംബജീവിതത്തിന്റെ ധാർമ്മിക [അ]ടിസ്ഥാനങ്ങളും സ്ത്രീപുരുഷബന്ധ[...]ത ഭരിക്കേണ്ട മൗലിക പ്രമാണങ്ങ[ളും ...] [...]നിയമത്തിൽതന്നെ [...] [...]പനമാണു്. നമ്മുടെ കർത്താ[വ് ...]വായ സ്വീകരിക്കുകയും [...] [...]ങ്ങളിൽ [...]ർത്തീകരിക്കുകയും [...] [...]് ചെയ്തു്.

[...]നിക ലോകത്തിൽ ഭാവിതല[മുറകളെപ്പ]റ്റിയുള്ള ചിന്താഗതി? എന്താണ്. രണ്ടു് ആഗോള മഹായുദ്ധങ്ങൾ മനുഷ്യന്റെ ആശകളേയും ആകാംക്ഷകളേയും തകർത്തു തരിപ്പണമാക്കി. ആസന്നമായ യുദ്ധഭീതി ഭാവിയെ മുഴുവനും അന്ധകാരമയവും അനിശ്ചിതവുമാക്കിത്തീർത്തു. ജീവിതത്തിന്റെ ഈ അനിശ്ചിതാവസ്ഥയിൽ ഭാവിതലമുറകളെപ്പററിയുള്ള ചുമതലാബോധം മുൻകാലങ്ങളെ അപേക്ഷിച്ചു പൊതുവെ വളരെ കുറഞ്ഞിരിക്കയാണ്. ക്രിസ്ത്യാനികളിൽ തന്നെ ഒരു കൂട്ടം ആളുകൾ അന്ത്യകാലം അടുത്തിരിക്കുന്നു എന്ന അന്ധമായ വിശ്വാസത്തെ അവലംബിച്ചു് ഉത്തരവാദിത്വരഹിതരായി കാണപ്പെടുന്നുണ്ടു്. അങ്ങനെയുള്ളവർ മുമ്പുമുണ്ടായിരുന്നു. എന്നാൽ പ്രവചിച്ചതുപോലെയോ പ്രതീക്ഷിച്ചതുപോലെയോ ലോകം അവസാനിച്ചില്ല. ലോകം പുരോഗമിച്ചുകൊണ്ടേയിരിക്കുന്നു. ഭാവിയെക്കുറിച്ചുള്ള ആശങ്കയും ഭീതിയും ഒരിക്കലും ഒരു ക്രിസ്ത്യാനിക്കു ചേർന്നതല്ല. ഭാവിതലമുറകളോടുള്ള ഉത്തരവാദിത്വനിർവ്വഹണത്തിൽ നാം ഒരിക്കലും അലസത കാണിക്കരുതു്. ഭാവി ദൈവത്തിന്റെ കയ്യിലായതുകൊണ്ടു് നമുക്കു് എന്നും സുനിശ്ചിതം തന്നെ.

ഭാവി തലമുറയ്ക്കു് സാമ്പത്തികമായ സമ്പാദ്യങ്ങൾ സ്വരൂപിച്ചുവയ്ക്കുന്നതിൽ നാം ഉത്സുകരാണ്. അതു് ആവശ്യം തന്നെ. നമ്മുടെ സന്താനങ്ങൾക്കു വേണ്ടി ബുദ്ധിപൂർവ്വമായ മുൻകരുതലുകൾ ചെയ്യേണ്ടതു് എല്ലാ മാതാപിതാക്കന്മാരുടെയും കടമയാണ്. എന്നാൽ സാമ്പത്തികമായ സമ്പാദ്യങ്ങളെക്കുറിച്ചു മാത്രം നാം ചിന്തിച്ചാൽ പോരാ. അവയെക്കാൾ കൂടുതലായി അവർക്കു ജീവിതത്തിൽ അവശ്യം വേണ്ടിവരുന്ന മററു കാര്യങ്ങൾ ഉണ്ടു്. ദൈവത്തിലുള്ള ദൃഢവിശ്വാസം, സത്യസന്ധത, സന്മാർഗ്ഗനിഷ്ഠ എന്നിവയാണ് സർവ്വപ്രധാനമായ സംഗതികൾ. ദാരിദ്ര്യത്തിൽപോലും ഈ ജീവിതമൂല്യങ്ങളെ പരിപാലിച്ചുകൊണ്ടു പോകുന്ന ഒരു കുടുംബജീവിതമാണ് ഈ തലമുറയ്ക്കും വരുവാനുള്ള തലമുറകൾക്കും നമുക്കു നൽകുവാൻ കഴിയുന്ന ഏററവും വലിയ സമ്പത്തു്. അതിന്റെ അഭാവത്തിൽ എത്ര വിലപിടിച്ച വസ്തുക്കളും അനുഗ്രഹകരമായി പരിണമിക്കയില്ല. നേരെമറിച്ചു് അവ അനർത്ഥത്തിനും ശാപത്തിനും കാരണമായി ഭവിക്കും. ഏതു കുടുംബത്തിന്റെ ചരിത്രം നോക്കിയാലും ഇതിനുള്ള ഉദാഹരണങ്ങൾ കാണാവുന്നതാണ്. എന്നാൽ അവയെ കാണുവാൻ നാം കണ്ണു തുറക്കുകയില്ലെന്നു മാത്രം. അവരുടെ ദുരാചാരങ്ങൾ "ഏട്ടിലെ പശു"വായി ശേഷിക്കുന്നു. ഉത്തമ സന്മാർഗ്ഗിക പാരമ്പര്യങ്ങൾ നിലനിർത്താത്ത മാതാപിതാക്കന്മാർ അവരുടെ സന്താനപരമ്പരയ്ക്കു വരുത്തിവയ്ക്കുന്ന അനർത്ഥങ്ങളുടെ വ്യാപ്തി അവർ തന്നെ കാണുന്നുവരികയില്ല. കണ്ടാൽ തന്നെയും അവരുടെ തെററു തിരുത്തുവാനുള്ള കാലം അതിക്രമിച്ചിരിക്കും. നിസ്സഹായരായിരുന്നു കണ്ണുനീർ പൊഴിക്കുവാനേ അപ്പോൾ അവർക്കു കഴിഞ്ഞെന്നു വരികയുള്ളൂ. ദൃഢമൂലമായ ചിന്താഗതികളെയും ജീവിതപരിചയങ്ങളെയും മാററുക ക്ഷിപ്രസാദ്ധ്യമല്ല. ഭാവിതലമുറയ്ക്കു് ആവശ്യമായ നല്ല ശീലങ്ങൾ ഈ തലമുറയിലുള്ളവരുടെ ജീവിതമാതൃകയിൽ നിന്നും സമുദായത്തിന്റെ അടിയുറച്ച സംസ്കാരത്തിൽ നിന്നുമാണ് ഉടലെടുക്കേണ്ടതു്. നാം ജനിച്ചുവളർന്നതിൽ അല്പമെങ്കിലും മെച്ചമേറിയ ഒരു പാരമ്പര്യമായിരിക്കണം നമ്മുടെ സന്താനങ്ങളുടെ അവകാശമായി നാം വച്ചിട്ടുപോകുന്നതു്. ഉത്തമമായ പാരമ്പര്യങ്ങളെ സൃഷ്ടിക്കുന്നതിലും പരിരക്ഷിക്കുന്നതിലും കുടുംബാംഗങ്ങൾ എല്ലാവരും ഒന്നുചേർന്നു പ്രവർത്തിക്കേണ്ടതാണ്. അവരവരുടെ സ്വ[illegible]ങ്ങളെയും അഭിപ്രായങ്ങളെയും പൊതുനന്മയ്ക്കായി അവഗണിക്കേണ്ടിവന്നേക്കാം. അതു സന്തോഷത്തോടുകൂടി ചെയ്യുന്നതിലാണ് ഓരോരുത്തരുടെയും വ്യക്തിത്വം നിസ്സ്വാർത്ഥതയുടെ പൂർണ്ണതയിലേയ്ക്കു് വളരുന്നതു്. അങ്ങനെ നാം ഭാവിതലമുറയ്ക്കു വെളിച്ചവും മാർഗ്ഗദർശികളുമായി ഭവിക്കും. ദൈവത്തിന്റെ നിത്യരാജ്യത്തിൽ നാമും അവരും കൂട്ടവകാശികളായിത്തീരുകയും ചെയ്യും.

(8-ാം പേജിൽനിന്നു തുടർച്ച)

തിരുള്ള വോട്ടർമാർക്കു് പി. എസ്. പി.ക്കുവേണ്ടി വോട്ടുചെയ്യുവാൻ പ്രയാസമുണ്ടാക്കിത്തീർത്തിരിക്കയാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി കോൺഗ്രസ്സ് അനുഭവിച്ച ത്യാഗങ്ങൾ ഓർത്തെങ്കിലും കുറേക്കാലംകൂടി കോൺഗ്രസ്സിനെത്തന്നെ രാജ്യഭാരം ഭരമേല്പിക്കേണ്ടതു് നമ്മുടെ ഒരു കർത്തവ്യമായിത്തീർന്നിരിക്കുന്നു.

(6—ാം പേജിൽനിന്നു തുടർച്ച)

ടുന്ന ഒരു ശക്തിയാണ്. അധികാരത്തിൽ വരുന്ന ഗവണ്മെന്റിനെ തിരുത്തുവാനും വേണ്ടിവന്നാൽ മാറ്റുവാനും ഒരു പ്രതിപക്ഷ പാർട്ടി എപ്പോഴും അത്യന്താപേക്ഷിതവുമാണ്. ആ പ്രതിപക്ഷപാർട്ടി അധികാരത്തിൽവന്നാൽ പിന്നെ തിരു-കൊച്ചി സ്വർഗ്ഗമാകുമെന്നോ അതിനു തെറ്റു പറ്റുകയില്ലെന്നോ അതിനെ തിരുത്തുവാനായി വേറൊരു പാർട്ടി ആവശ്യമായി വരികയില്ലെന്നും നമ്മെപ്പറഞ്ഞു കബളിപ്പിക്കുവാൻ നാം അനുവദിക്കരുത്. സ്വതന്ത്രവോട്ടവകാശം സ്വതന്ത്രമായി സ്ഥാനാർത്ഥികളെ നിറുത്തുവാനും ഇഷ്ടമുള്ളവർക്കായി വോട്ടു ചെയ്യുവാനുമുള്ള സ്വാതന്ത്ര്യമാകുന്ന മാണിക്യക്കല്ല് കമ്മ്യൂണിസ്റ്റു പെട്ടി ആഴുന്ന കടലിൽ മുക്കി നഷ്ടപ്പെടുത്തിക്കളയരുത്.

രണ്ടാമതായി ഒരു വിനീതമതപ്രവർത്തകനെന്ന നിലയിൽ നമ്മുടെ മതസ്വാതന്ത്ര്യത്തെ ഹനിപ്പിക്കുന്ന ഒരു രാഷ്ട്രീയ വ്യവസ്ഥിതി തിരു-കൊച്ചിയിൽ വിളിച്ചുവരുത്തരുതെന്നു വോട്ടർമാരോടു പറയുവാൻ ഞാൻ മടിക്കുന്നില്ല. മതം രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടരുതെന്നു പറയുന്നതായ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നാൽ ആദ്യമായി ചെയ്യുന്നതു മതകാര്യങ്ങളിൽ ഇടപെടുക എന്നുള്ളതാണ്. 1917-ൽ റഷ്യ മതത്തോട് അവലംബിച്ചിരുന്ന നശീകരണനയം ക്രമേണ അല്പം അയച്ചിട്ടുണ്ടെങ്കിലും ഇന്നും രാഷ്ട്രത്തെ സ്വതന്ത്രമായി നിരൂപണം ചെയ്യുവാനും യഥേഷ്ടം എവിടെയും മതവിശ്വാസം പ്രസംഗിക്കുവാനും റഷ്യയിൽ അനുവാദമില്ല. ചൈനയിൽ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റു അധികാരത്തിൽ വന്നശേഷം അവിടെയുണ്ടായിരുന്ന 4000-ത്തോളം പ്രോട്ടസ്റ്റന്റ് മിഷ്യനറിമാരിൽ ആറോ ഏഴോ പേർ ജയിലിൽ കിടക്കുന്നതൊഴിച്ച് ബാക്കിയുള്ളവരെ അവിടെനിന്നും ഓടിച്ചു എന്നോർക്കുമ്പോൾ കമ്മ്യൂണിസത്തിനു മതത്തോടുള്ള മനോഭാവം ഏതാണ്ടു മനസ്സിലാകുമല്ലോ. റോമൻകത്തോലിക്കാ മിഷ്യനറിമാരോടു ഇതിനേക്കാൾ ക്രൂരമായ രീതിയിലത്രെ അവർ ഇടപെട്ടിട്ടുള്ളത്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നു കമ്മ്യൂണിസം ഇന്നും വിശ്വസിക്കുന്നു. തിരു—കൊച്ചിയിൽ ഒരു കമ്മ്യൂണിസ്റ്റുഗവണ്മെന്റു വിളിച്ചു വരുത്തുവാൻ നാം ഒരുമ്പെട്ടാൽ മതപരമായി തിരു-കൊച്ചിയെ ഒരു ജയിലാക്കി തീർക്കുകയായിരിക്കും ചെയ്യുന്നതെന്നുള്ളതിനു തർക്കപക്ഷമില്ല. ഒരുപക്ഷേ മതമെന്ന പേരോടുംകൂടി ഇവിടെ നിലനിൽക്കുവാൻ അവർ അനുവദിച്ചേക്കുമെങ്കിലും സജീവശക്തിയായി വളരുവാൻ അവസരം നൽകുന്നതല്ല. നാലു സ്വാതന്ത്ര്യങ്ങളിൽ ഒന്നായ മതസ്വാതന്ത്ര്യം നഷ്ടപ്പെടുത്തിയാൽ നാം നമ്മെത്തന്നെ മൃഗതുല്യം അധഃപതിക്കുവാൻ അനുവദിക്കുകയായിരിക്കും തൻമൂലം ചെയ്യുന്നത്.

മൂന്നാമതായി നാം മനസ്സിലാക്കേണ്ടതു കമ്മ്യൂണിസം എന്തിനുവേണ്ടി നിലകൊള്ളുന്നു എന്നുള്ളതാണ്. പട്ടിണിപ്പാവങ്ങൾക്കു വേണ്ടിയും തൊഴിലാളികൾക്കും കൃഷിക്കാർക്കും വേണ്ടിയും അവർ നിലകൊള്ളുന്നു എന്ന് അവർ നമ്മോടു പറഞ്ഞേക്കാം. വർണ്ണവർഗ്ഗവ്യത്യാസങ്ങളില്ലാത്ത ഒരു സാമൂഹ്യവ്യവസ്ഥിതി അവർ കെട്ടിപ്പണിയുവാൻ ശ്രമിക്കുന്നുവെന്നും പ്രചരണവേളയിൽ പറയുന്നുണ്ടാവാം. ഇന്നത്തെ സാമ്പത്തിക ഉച്ചനീചത്വങ്ങൾ അവർ അവസാനിപ്പിക്കും എന്നും വാഗ്ദത്തങ്ങൾ തന്നെന്നുവരാം. എന്നാൽ ഇവയൊന്നും പുതിയ ആദർശങ്ങളല്ല. ഏതു ഗവണ്മെന്റിനും ആഗ്രഹമുള്ള കാര്യങ്ങളാണ് ഇവയെല്ലാം. ഈ ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരുന്നത് എങ്ങനെയാണ് എന്നുള്ള കാര്യത്തിലെ വൈരുദ്ധ്യങ്ങളുള്ളൂ. ചില നിത്യസന്മാർഗ്ഗതത്വങ്ങൾക്കു വിധേയമായുള്ള ജനായത്തമായ (Parliamentary) മാർഗ്ഗങ്ങളിലൂടെ ലക്ഷ്യപ്രാപ്തിയിലെത്തണമെന്ന നിലപാടിലിരിക്കുന്ന ഗവർമെന്റുകൾ ആഗ്രഹിക്കുമ്പോൾ അങ്ങനെയുള്ള സന്മാർഗ്ഗതത്വങ്ങളെ അവഗണിച്ചു വിപ്ളവപരമായ മാർഗ്ഗങ്ങളിലൂടെയോ എങ്ങനെയെങ്കിലും ലക്ഷ്യത്തിലെത്തിച്ചേരണമെന്നേ അവർക്കാഗ്രഹമുള്ളൂ. "ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നു" എന്നാണല്ലോ അവരുടെ വിശ്വാസം. ഒരു കാര്യം നാം വിസ്മരിക്കരുത്. വിപ്ളവത്തിൽക്കൂടി സാധിക്കുന്ന ഏതു കാര്യവും വിപ്ളവംകൊണ്ടു തന്നെ അവസാനിക്കും. നിരീശ്വരപരമായ ഭൗതികവാദത്തിൽ അവർ വിശ്വസിച്ചെങ്കിൽ മാത്രമേ ഈ ദൃശ്യവിപ്ളവത്തെ ന്യായീകരിപ്പാൻ സാധിക്കൂ. കമ്മ്യൂണിസം ഭൗതികവാദത്തിനുവേണ്ടി നിലകൊള്ളുന്നു. മനുഷ്യൻ പരിതസ്ഥിതികളുടെ സൃഷ്ടിയാണെന്നും പറയുന്നു. ഇവ രണ്ടും അപൽക്കരങ്ങളായ അർദ്ധസത്യങ്ങളാകുന്നു. (dangerous half truths) മനുഷ്യൻ ഭൗതികസുഖങ്ങൾകൊണ്ടു മാത്രം സംതൃപ്തി അടയുവാൻ കഴിവുള്ളവനായിരുന്നു എന്നു വരികിൽ [illegible] ഇന്നു നാട്ടിലെ [illegible] ത്തൃപ്തരായിക്കഴിയുമായിരുന്നു [illegible] പാർട്ടികളുടെ ആവശ്യ[illegible] മാത്രം സമാധാനം [illegible] എന്നു [illegible] പറയുന്നു. മനുഷ്യന് ആത്മീകാവശ്യങ്ങൾ [illegible]. ഈ രണ്ടു വശങ്ങളിലും [illegible] ലഭിക്കാതെ അവന്റെ ആത്മാവിനു ശാന്തി ഉണ്ടാകയില്ല.

എന്റെ അഭിപ്രായത്തിൽ കമ്മ്യൂണിസത്തെ ശരിയായി പഠിച്ചിട്ടുള്ള ഒരുവനായ ശ്രീ എം. എം. തോമസ്സിന്റെ ആധുനിക ഭാരതത്തിലെ രാഷ്ട്രീയ ചിന്താഗതികൾ (യുവലോകം പ്രസിദ്ധീകരണങ്ങൾ 1952) എന്ന പുസ്തകത്തിലേക്കു ഞാൻ വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ വാചകത്തിൽ "ഡിമോക്രസ്സി ഇല്ലാതാക്കി ടോട്ടാലിറ്റേറിയൻ ഭരണം സ്ഥാപിക്കുന്നതിനു പ്രവർത്തിക്കുകയും മനുഷ്യനെ കേവലം അധികാരതാല്പര്യങ്ങളുടെ ഉപാധികളായി മാത്രം കാണുകയും ചെയ്യുന്ന കമ്മ്യൂണിസം ഇൻഡ്യയുടെ ശത്രുവാണെന്നുള്ളതിനു സന്ദേഹമില്ല. മനുഷ്യസ്വാതന്ത്ര്യം യഥാർത്ഥമാണെങ്കിൽ ചരിത്രത്തിൽ ഒന്നും അനിർവാര്യമല്ല. കമ്മ്യൂണിസം അനിവാര്യമെന്നു ചിന്തിക്കുന്നതു കമ്മ്യൂണിസത്തെ വിളിച്ചു വരുത്തുന്നതിനു തുല്യമാണ്. മറ്റു തത്വങ്ങളോടുള്ള അതൃപ്തിയിൽ നിന്നു വിഷമകരങ്ങളായ ചില സാമൂഹ്യസാമ്പത്തിക അവസ്ഥകൾക്കു അവസാനം വരുത്തുന്നതിനുവേണ്ടി ജനങ്ങൾ കമ്മ്യൂണിസം തെരഞ്ഞെടുത്തു എന്നു വരാം. എന്നാൽ കമ്മ്യൂണിസം വിടുവാൻ നിർവ്വാഹമില്ലാത്ത ഒരു മാർഗ്ഗമായി രൂപാന്തരപ്പെടുമെന്നറിവുള്ളവർ അങ്ങിനെ ഒരു തെരഞ്ഞെടുപ്പു നടത്താതാകുവാനും ജനങ്ങൾക്കു ഇടനൽകാതിരിക്കുകയാണു വേണ്ടതു്".

ഒരു എതിർപക്ഷപാർട്ടി ഗവണ്മെന്റിൽ ആവശ്യമാണെന്നു ഞാൻ മുമ്പു പറഞ്ഞുവല്ലോ. അതു തിരു-കൊച്ചിയിൽ ഏതായാലും ഉണ്ടാകാതിരിക്കുകയില്ല. പി. എസ്. പി. കമ്മ്യൂണിസത്തെക്കാൾ ശക്തിയുള്ളതായി വന്നിരുന്നെങ്കിൽ അതു ഒരു ഭാവി ശ്രേയ[illegible] ശുഭാശംസകമാകുമായിരുന്നു. നിർഭാഗ്യവശാൽ ഇപ്രാവശ്യത്തെ തെരഞ്ഞെ[illegible]പ്പിൽ പി.എസ്.പി. കമ്മ്യൂണിസ്റ്റുകാരുമായി സഖ്യം ചെയ്തിരിക്കുന്നു[illegible] പി.എസ്.പി.ക്കു വേണ്ടി വോട്ടു[illegible] വാൻ ആഗ്രഹിക്കുന്നവർ എങ്കിലും [illegible] മ്മ്യൂണിസ്റ്റാദർശങ്ങളോടു കാ[illegible]

(ശേഷം 7—ാം പേ[illegible])

വേദവായനക്കുറിപ്പുകൾ

തിങ്കൾ ലൂക്കോ .7 69, 23 43—47.

കർത്താവിന്റെ ജീവിതം അന്യന്മാരിൽ ഏതൊരു പ്രകാരമുള്ള ധാരണകൾ ഉളവാക്കി എന്നു ചിന്തിക്കുവാനാണ് ഈ ആഴ്ചയിൽ നാം ശ്രമിക്കുന്നതു്. കർത്താവിന്റെ അനുദിനജീവിതത്തിലായാലും താൻ പ്രദർശിപ്പിച്ച ശാന്തതയും ശക്തിയും ആ ശതാധിപന്മാരിരുവരെയും ആകർഷിച്ചു. തന്നെ ബന്ധിക്കുന്നതിനു നിയുക്തരായ പട്ടാളക്കാർ തിരികെ വന്നിട്ട് "ഈ മനുഷ്യനെപ്പോലെ യാതൊരുവനും സംസാരിച്ചിട്ടില്ല" എന്ന് അത്ഭുതം കൂറികൊണ്ടു പറയുന്നതായിട്ടാണ് നാം വായിക്കുന്നതു്. സിംഹവീരപരാക്രമിയായിരുന്ന നെപ്പോളിയൻ കർത്താവിനെപ്പറ്റി എന്തുപറഞ്ഞു എന്നറിയുന്നതു രസാവഹമായിരിക്കും. "അലക്സാണ്ടർ, സീസർ, ചാർലമെയിൻ, ഞാൻ; ഞങ്ങളൊക്കെയും സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. എങ്കിലും അവയെല്ലാം ഏതിന്മേലാണ് അടിസ്ഥാനം കെട്ടിപ്പടുത്തതു്? കേവലം ബലപ്രയോഗത്തിൽ. യേശു മാത്രം തന്റെ സാമ്രാജ്യം സ്നേഹത്തിന്മേൽ അടിസ്ഥാനപ്പെടുത്തി. ഇന്നും ലക്ഷങ്ങൾ അവനുവേണ്ടി മരിക്കുവാൻ സന്നദ്ധരാണ്. മനുഷ്യസ്വഭാവം കുറെയെല്ലാം ഗ്രഹിക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഈ സാമ്രാജ്യസ്ഥാപകരൊക്കെയും മനുഷ്യരായിരുന്നു, ഞാനും മനുഷ്യൻ തന്നെ. എന്നാൽ യാതൊരുവനും യേശുവിനോടു തുല്യനല്ല." അവൻ മനുഷ്യനിൽ നിന്നും വിഭിന്നനും ഉപരിസ്ഥിതനുമത്രെ. യേശു നിങ്ങളുടെ ദൃഷ്ടിയിൽ ആകർഷണീയനായിരിക്കുന്നതു് എന്തുകൊണ്ടു്?

ചൊവ്വാ. മർക്കോസ്. 10. 13–16.

ആ ശതാധിപന്മാരും ശിശുക്കളും തമ്മിലുള്ള അന്തരം എത്ര വലുതു്. എങ്കിലും പട്ടാള ഉദ്യോഗസ്ഥന്മാർക്ക് ആകർഷണീയനായിരുന്ന യേശുതമ്പുരാൻ കേവലം ശിശുക്കൾക്കുപോലും ആകർഷണീയനാകത്തക്കവിധത്തിൽ ചില വിശിഷ്ടഗുണങ്ങൾ ഉള്ളവനായിരുന്നു. കർത്താവിന്റെ ആഗമനം ശൈശവലോകത്തെപ്പറ്റിയുള്ള ധാരണകൾക്കും ...ത്തിയിരിക്കുന്ന അന്തരമെന്തു്. ക്രി...വിന്റെ ജന്മദിനം ശിശുക്കൾക്ക് ...ത്യേകിച്ചും വിശിഷ്ട ദിവസമാകുന്നു. ...വിശേഷം പ്രസംഗിക്കപ്പെട്ടിട്ടുള്ള ...ടങ്ങളിലും ശിശുക്കൾ ബഹുമാ... ...യും ചെയ്യുന്നു. അവരെല്ലാ...ല്ലാം മൂലകാരണം കർത്താവിന്റെ വർത്തനാരീതിയിലുള്ള വ്യത്യസ്തതകളത്രെ. ശിശുക്കൾ തന്നെ സ്നേഹിക്കുന്നതിന് ഇടയാക്കിയ തന്നിലുള്ള വിശിഷ്ട ഗുണങ്ങൾ ഏവ? നിങ്ങളിൽ ദൃശ്യമായേക്കാവുന്ന ആത്മാർത്ഥത, ജീവിത ലാളിത്യം, വിനയം എന്നിത്യാദി വിശിഷ്ട സ്വഭാവഗുണങ്ങൾക്ക് ആകർഷകമായി തോന്നാവുന്ന കർത്തൃ സ്വഭാവവിശേഷതകൾ എന്തെല്ലാം.

ബുധൻ. ലൂക്കോ 5. 27—32, മത്താ: 4. 18—22.

ഈ മനുഷ്യർ ജീവിത വ്യാപാരങ്ങളിൽ ഏർപ്പെട്ടിരുന്നവരും ശിശുക്കളിൽനിന്ന് ഭിന്നരും ആയിരുന്നു. തങ്ങളുടെ തൊഴിൽ ഉപേക്ഷിച്ച് കർത്താവിന്റെ ആഹ്വാനപ്രകാരം അവിടത്തെ പേർക്കു ജോലിചെയ്യുവാൻ അവരെ പ്രേരിപ്പിക്കത്തക്ക വിധത്തിൽ തന്നിൽ ആകർഷകമായിക്കണ്ട വിശിഷ്ടഗുണങ്ങൾ എന്തായിരിക്കാം. സെബദിമക്കളെപ്പോലെ സാമാന്യം സാമ്പത്തിക ഭദ്രതയുള്ള എത്രയോ പേരെ കർത്താവു വിളിക്കുന്നുണ്ട്. എന്തിനു്? തന്റെ രാജ്യവർദ്ധനയ്ക്കു വേണ്ടി പ്രവർത്തിക്കുവാൻ. ലണ്ടൻ നഗരത്തിലെ ദരിദ്രബാലകർക്കു വേണ്ടി ജീവിതാർപ്പണം ചെയ്ത ഹോഗിനെക്കുറിച്ച് അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ എഴുതിയിരിക്കുന്നതു് ഏതാണ്ടു പ്രകാരമാണ്! "അനാഥബാലരുടെ സംരക്ഷണം അദ്ദേഹത്തിന്റെ ജീവിതത്തിലെ പരമമായ ലക്ഷ്യമായിത്തീർന്നു. അതിനു പുറത്തു് യാതൊന്നിനും അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിക്കുവാൻ കഴിഞ്ഞില്ല !! സ്വസഹോദരങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള അല്പദാഹം ഉല്പാദിപ്പിക്കാത്ത ക്രിസ്തുമതത്തിൽ ക്രിസ്തുവിന്റെ ആത്മാവിനു സദൃശമായ യാതൊന്നുമില്ല. നിങ്ങളുടെ പ്രായോഗികകഴിവുകൾ ക്രിസ്തുവിനു പരിപൂർണ്ണമായി സമർപ്പിതമായിട്ടുണ്ടോ?

വ്യാഴം. ലൂക്കോ. 8. 1—3, 10. 38—42, മത്താ. 27. 55-56.

സ്ത്രീപുരുഷന്മാരിൽ ദൃശ്യമാകാവുന്ന സ്വഭാവവ്യത്യസ്തതകൾ വ്യക്തമാണ്. എങ്കിലും കർത്താവ് അവരെ തന്റെ പ്രവൃത്തിപരിധിക്കു വെളിയിൽ തള്ളിയില്ല. ആത്മീയസത്ത ചുഴിഞ്ഞിറങ്ങി കാണുവാനുള്ള ശക്തി സ്ത്രീത്വത്തിനു പ്രത്യേകമാണെന്നു തന്നെ പറയാം. പുരുഷന്മാരെ അപേക്ഷിച്ച് സൽപ്രേരണകൾക്ക് അതിവേഗം അവർ വശഗരാകുമെന്നു് സ്ത്രീത്വത്തിനു പ്രത്യേകമായ ഈ ശക്തിവിശേഷങ്ങളുടെ ഫലമായി പുരുഷന്മാർക്കു കർത്താവിൽ ദർശിക്കുവാൻ കഴിയാതെപോയ പല വിശിഷ്ടഗുണങ്ങളും അവർ കാണുവാനിടയായി എന്നു മാനിക്കേണ്ടിയിരിക്കുന്നു. സ്ത്രീകളിലാകട്ടെ; പുരുഷന്മാരിലാകട്ടെ നിക്ഷിപ്തമായിരിക്കുന്ന ആത്മസത്താ ഉത്തമ ആദർശങ്ങൾക്കുവേണ്ട കർത്താവിലേക്കു നോക്കിയിട്ടുണ്ട്. തന്നാൽ അവർ നീതരായിട്ടുമുണ്ട്. ഉൽകൃഷ്ടസ്ത്രീകളെ സൃഷ്ടിക്കുന്നതിനു പര്യാപ്തമായ ഏതെല്ലാം വിശിഷ്ടഗുണങ്ങളാണു കർത്താവിൽ കാണ്മാനുള്ളതു്.

വെള്ളി. ലൂക്കാ 7. 110—48.

ഈ ഭാഗത്തിനു മുമ്പുള്ള സംഭവംകൂടെ ഈ അവസരത്തിൽ വായിക്കുന്നതു നന്നായിരിക്കും. സത്തുക്കളായ സ്ത്രീപുരുഷന്മാർ ഭ്രഷ്ടായി പരിഗണിക്കുന്ന ഒരു സ്ത്രീയെ ആണു നാമിവിടെ കാണുന്നതു്. ലജ്ജാസമേതം, പശ്ചാത്താപൂർവം നന്ദിനിറഞ്ഞ ഹൃദയത്തോടെ ആ സ്ത്രീ കർത്താവിനെ സമീപിക്കത്തക്കവിധത്തിൽ കർത്താവിലുണ്ടായിരുന്ന വൈശിഷ്ട്യമെന്തായിരുന്നു. മുടിയൻ പുത്രന്മാർക്കും സമുദായഭ്രഷ്ടർക്കും അനന്ദമായ ഒരു ദർശനം നൽകി തങ്ങളിലുള്ള ആത്മീയസാധ്യതയെപ്പറ്റി വിശ്വാസം നൽകുന്നതിനു പര്യാപ്തമായ ഏതോ നന്മ തന്നിലുണ്ടായിരുന്നു. തങ്ങളാൽ അപ്രാപ്യമെന്നു കരുതിയിരുന്ന ഒരു നവജീവനത്തിലേക്ക് എത്രയെത്ര സ്ത്രീപുരുഷന്മാരാണ് കർത്താവുമൂലം ആകൃഷ്ടരായിരിക്കുന്നതു്. നിങ്ങളുടെ ജീവിതത്തെ കളങ്കപ്പെടുത്തി നിങ്ങളെ നിരാശപ്പെടുത്തിയിട്ടുള്ള പാപം എന്താണ്. ആ കാര്യം നിരാശാജനകമായി കർത്താവു പരിഗണിക്കുമെന്നു വിചാരിപ്പാൻ വല്ല മാർഗ്ഗവുമുണ്ടോ?

ശനി. ലൂക്കാ. 3. 7—9. 15—17.

ഈ കഴിഞ്ഞ ദിവസങ്ങളിൽ നാം ചിന്തിക്കുവാനിടയായ മനുഷ്യരിൽ നിന്ന് വളരെ ഭിന്നനായിട്ടാണ് യോഹന്നാൻ [illegible] കാണപ്പെടുന്നതു്. ഭയലേശമില്ലാത്ത ഒരു പ്രവാചകനായിരുന്നു അദ്ദേഹം. അദ്ദേഹത്തിൽ ദൃശ്യമായിരുന്ന വിശിഷ്ടഗുണങ്ങളെപ്പറ്റി ബഹുമാനപൂർവ്വം കർത്താവ് സംസാരിക്കുന്നതു് മത്തായി 11—7—ൽ കാണുക. കർത്താവ് ഒരു ശിശുവിനെപ്പോലെ ശാന്തനായിരുന്നു എങ്കിലും ഈ സന്യാസവര്യന്റെ ഭക്തിബഹുമാനാദരവുകൾ ആർജ്ജിക്കുവാൻ കർത്താവിനു കഴിഞ്ഞിരുന്നു. [illegible]

ശാന്തസുന്ദരമായ പ്രകൃതിരാമണീയകത

വിദ്യാലയസ്ഥാപനങ്ങൾക്കു പ്രയോജനപ്രദം

(ഡോക്ടർ. സി. റ്റി. ഈപ്പൻ)

(ശാസ്താംകോട്ട റെസിഡൻഷ്യൽ സ്കൂളിന്റെ രജതജൂബിലി സംബന്ധിച്ചു നടന്ന പൊതുയോഗത്തിൽ ചെയ്ത സ്വാഗത പ്രസംഗം.)

ശാസ്താംകോട്ട ഒരു കുഗ്രാമമാണെങ്കിലും ഈശ്വരപ്രസാദം തുളുമ്പുന്ന ഒരു സ്ഥലമായി ഞങ്ങൾ കരുതുന്നു. രാജപ്രമുഖൻ തിരുമേനിയുടെ പാദസ്പർശനം ഇതിനുണ്ടായതുതന്നെ അതിനു മതിയായ തെളിവാണ്. യശഃശരീരനും ജനസമൂഹത്തിൽ രാജാവുമായി പരിലസിച്ച ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ രണ്ടു സന്ദർശനങ്ങൾ ഈ സ്ഥലത്തിന്റെ പ്രശംസയ്ക്ക് പ്രചാരം നൽകീട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രേഷ്ഠപിൻഗാമിയായി ചരിത്രം സൃഷ്ടിച്ച ക്ഷേത്രപ്രവേശനം അയിത്തോച്ചാടനം മുതലായ വിപ്ളവജനകമായ പരിഷ്കാരങ്ങളാൽ ഹൈന്ദവസമുദായത്തെ ഉടച്ചുവാർത്ത് ആ സമുദായത്തിന്റെയും ഇതരസമുദായങ്ങളുടെയും ആരാധനാപാത്രമായിത്തീർന്ന ഇന്നത്തെ അദ്ധ്യക്ഷൻ തിരുമനസ്സിലെ ആഗമനം ഈ സ്ഥലത്തിന്റെ യശസ്സിനെ ശതഗുണീഭവിപ്പിച്ചിരിക്കുന്നു.

ഈ പ്രദേശത്തിന്റെ ശാന്തത ഒന്നുമാത്രമാണ് ഇവിടെ ഒരു വിദ്യാലയം സ്ഥാപിക്കുന്നതിനു പ്രേരകമായിരുന്നിട്ടുള്ളത്. പുരാതന വിദ്യാപീഠങ്ങളായിരുന്ന നളന്ദയും തക്ഷശിലയും ഇതുപോലെ ശാന്തിനികേതനങ്ങളായിരുന്നു. "ഈശ്വരൻ നാട്ടിൻപുറങ്ങളെയും മനുഷ്യൻ പട്ടണങ്ങളെയും നിർമ്മിച്ചു" എന്ന പഴമൊഴി സാർത്ഥകമാണ്. ഇവിടെ വിളയാടുന്ന ഈശ്വരപ്രസാദം 25 കുട്ടികളെക്കൊണ്ടാരംഭിച്ച ഈ സ്ഥാപനത്തിന്റെ ഭാവിശ്രേയഃപിശുനശകുനമായിരുന്നു. ഇന്നിവിടെ നാനാജാതിമതസ്ഥരായ മുന്നൂറോളം വിദ്യാർത്ഥികളുണ്ട്. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽനിന്നും വിദ്യാഭ്യാസപ്രണയികൾ ഇവിടെ ആഗതരാകുന്നുണ്ട്. പബ്ളിക്ക പരീക്ഷയിൽ ചിലപ്പോൾ ഏററവും ഉന്നതമായ സ്ഥാനം ഈ സ്കൂൾ കരസ്ഥമാക്കിയിട്ടുണ്ട്. പൂർവ്വ വിദ്യാർത്ഥികളിൽ പലരും ഉന്നത സ്ഥാനങ്ങളെ അലങ്കരിക്കുന്നുമുണ്ട്. വടക്കേയിൻഡ്യയിൽ ഒരുയർന്ന ജോലിയിലിരിക്കുന്ന ബിരുദധാരിയായ ഒരു പൂർവ്വ വിദ്യാർത്ഥി രജതജൂബിലിക്കുള്ള ക്ഷണം കിട്ടിയപ്പോൾ എഴുതിയതിപ്രകാരമാണ്.

"ആ സ്കൂളിനെ എന്റെ സ്കൂൾ എന്ന ഹൃദയം പററിച്ചേർന്ന വിശാലമായ ഒരു ചൈതന്യം ഞാൻ കൊടുക്കുന്നു. ആ സ്ഥാപനത്തെ ഞാൻ എത്രപ്രായമായാലും ഏതെല്ലാം പദവിയിലായാലും എനിക്കു മറക്കുവാൻ സാധിക്കയില്ല."

സന്ദേശവാഹികളായ നിരവധി സ്കൂളുകൾ (Schools With a Message) ഇന്നു ഭൂമുഖത്തു സ്ഥിതിചെയ്യുന്നു. Abbots Home, Tolstoi's School ടാഗോറിന്റെ ശാന്തിനികേതനം, ഇംഗ്ളണ്ടിലെ ഈററൺ, ഹാരോ മുതലായവ ഇക്കൂട്ടത്തിലുൾപ്പെടും. അവയെപ്പോലെ വിദ്യാഭ്യാസലോകത്ത്, സാങ്കേതിക പരീക്ഷണങ്ങൾ നടത്തി പ്രശസ്തി നേടുന്നതിനുള്ള കഴിവുകൾ ഞങ്ങൾക്കില്ലെങ്കിലും ഒന്നു രണ്ടു ദൃഢാദർശങ്ങളോടുകൂടെയാണ് ഞങ്ങൾ നിലകൊള്ളുന്നത്. (1) നിയമത്തിൻ കീഴിൽ വളരുന്നതിനു വിദ്യാർത്ഥികളെ അഭ്യസിപ്പിക്ക (2) സേവനസക്തി വിദ്യാർത്ഥികളിൽ വളർത്തുക.

പാരമ്പര്യഗതമായ മൂല്യങ്ങളെ പാടെ വിപാടനം ചെയ്യത്തക്കവണ്ണം കമ്മ്യൂണിസവും വർഗ്ഗീയ ചിന്തകളും ലോകത്തിൽ നടമാടുമ്പോൾ ഈ രണ്ടാദർശങ്ങളുടെയും സാക്ഷാൽക്കരണം എത്ര അവശ്യമാണെന്നു മനസ്സിലാക്കാം. ഇവ രണ്ടും പരമപ്രാധാന്യം അർഹിക്കുന്നവയെങ്കിൽ ഈ സ്കൂളും സന്ദേശവാഹിയെന്ന് വിചാരിക്കപ്പെടാവുന്നതാണ്. ഇന്ത്യയിലെ ജനാധിപത്യം അർത്ഥവത്താകണമെങ്കിൽ ഇംഗ്ളണ്ടിലെ സ്കൂളുകൾപോലെ ഇൻഡ്യയിലെ സ്കൂളുകളും സ്വഭാവശ്രേഷ്ഠതയുടെയും പൗരത്വത്തിന്റെയും പരിശീലനക്കളരികളാകണം.

റഗ്ബിയിലെ ആർനോൾഡ്, ഷ്റൂസ്ബറിയിലെ ബട്ളർ മുതലായവരെപ്പോലെ സ്വാർത്ഥത്യാഗികളും ആദർശസമ്പന്നരുമായ ഗുരുവരന്മാരുടെ സമ്പർക്കത്തിലാണു വിദ്യാഭ്യാസാദർശങ്ങൾ സാക്ഷാൽക്കരിക്കപ്പെടേണ്ടത്. വിദ്യാഭ്യാസം വ്യക്തികൾ തമ്മിലുള്ള സമ്പർക്കത്തിൽനിന്നും ഉത്ഭൂതമാകേണ്ടതാണ്. അല്ലാതെ, പാഠപുസ്തകങ്ങൾ ഉരുവിടുന്നതിലല്ല. മഹാത്മഗാന്ധിയുടെയും ടാഗോറിന്റെയും വൈശിഷ്ട്യം അവരുടെ വ്യക്തിപരമായ സ്വാധീനശക്തിയിലായിരുന്നു. ലോകത്തിൽ ഏററവും വലിയ സ്വാധീനശക്തി ഉപയോഗിച്ചത്, യേശുക്രിസ്തുവിന്റെ സ്കൂളായിരുന്നുവെന്നും വിജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഗ്രേക്ക സംസ്കാരത്തെയും റോമാ സാമ്രാജ്യത്തെയും ലോകത്തെ തന്നെയും കീഴ്മേൽ മറിക്കത്തക്ക സ്വാധീനശക്തിയുള്ളവരായിരുന്നു.

ധനാഢ്യരല്ലാത്ത മദ്ധ്യവർഗ്ഗത്തിൽപെട്ട ആളുകളെ ശുശ്രൂഷിക്കുന്നതിലാണ് ഞങ്ങൾക്കു ഔത്സുക്യമുള്ളത്. ഹരിജനങ്ങളിൽപെട്ട ചില വിദ്യാർത്ഥികളെ ഈ സ്കൂളിൽ ചേർത്ത് പഠിപ്പിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്. നിസ്സഹായരായ ചുററുപാടുമുള്ള സാധുജനങ്ങളുമായി സമ്പർക്കം പുലർത്തുകയും അവർക്കു കഴിവുള്ള സഹായങ്ങൾ ചെയ്യുകയും ചെയ്യുന്നതിൽ ഞങ്ങൾ തല്പരരാണ്. ഈ അടുത്തകാലത്തുതന്നെ ഒരു European Sister ഇവിടെ താമസിക്കുകയും രോഗികളെ പ്രതിഫലംകൂടാതെ ചികിത്സിക്കയും ചെയ്തുകൊണ്ടിരുന്നു.

Oxford, Cambridge മുതലായ സുപ്രസിദ്ധ കലാശാലകളുടെ പ്രായോഗിക പരീക്ഷണശാലകൾ ലണ്ടൻ മുതലായ പട്ടണങ്ങളിൽ അഗതികളുടെ താമസകേന്ദ്രങ്ങളായ East End മുതലായ സ്ഥലങ്ങളിൽ നടത്തപ്പെടുന്ന ആതുരശാലകൾ (Settlements) ആണ്. ശ്രേഷ്ഠകുലജാതരും പണ്ഡിതന്മാരുമായ എത്ര യുവാക്കളാണ് ഈ സ്ഥലങ്ങളിൽ പരോപകാരാർത്ഥം അവരുടെ ജീവിതത്തെ പ്രതിഷ്ഠിച്ചിരിക്കുന്നത്. സാക്ഷാത്തായ സംസ്കാരത്തിന്റെ വിശിഷ്ട ലക്ഷണം ത്യാഗപരമായ സേവനമാണ്. ആർഷഭാ[രതം] ഈ സേവനസരണിയിൽ അഗ്ര[ഗ]തമായിരുന്നുവെന്ന് നമുക്കഭിമാനി[ക്കാ]വുന്നതാണ്. നമ്മുടെ പുരാ[...]

നീതി നിർവഹണത്തിൽ തല്പരനുമായിരുന്ന യോഹന്നാൻ കർത്താവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതെന്താണ്. "എന്നെക്കാൾ ബലവാനായ ഒരുവൻ എന്റെ പിന്നാലെ വരുന്നു. അവന്റെ ചെരിപ്പിന്റെ വാറു അഴിപ്പാൻപോലും ഞാൻ യോഗ്യനല്ല" ഇത്രമാത്രം വിശിഷ്ടസ്വഭാവങ്ങളോടുകൂടിയ കർത്താവിന്റെ അത്ഭുതകരമായ സ്വഭാവവിശേഷങ്ങളെപ്പററി ചിന്തിക്കുക.

ക്രൈസ്തവലോകവാർത്തകൾ

(കെ. വി. എം.)

റോക്ക്ഫെല്ലറുടെ സംഭാവന.

ഹാർവാർഡു യൂണിവേഴ്സിറ്റി (അമേരിക്ക)യിലെ വൈദികവിദ്യാഭ്യാസശാഖയ്ക്കു മി. ജോൺ ഡി. റോക്ക്ഫെല്ലർ 1000,000 ഡോളർ വില വരുന്ന സെക്യൂരിറ്റികൾ നൽകിയിരിക്കുന്നു. ആദ്ധ്യാത്മികവിജ്ഞാനം അമേരിക്കയിലെ വിദ്യാഭ്യാസത്തിൽ ദൂരവ്യാപകമായ ഫലം ഉളവാക്കുമെന്നു മി. ജോൺ വിശ്വസിക്കുന്നതുകൊണ്ടാണ് ഈ സംഭാവനചെയ്യുന്നതിനിടയായതു്. ഹാർവാർഡ് യൂണിവേഴ്സിറ്റി 5000,000 ഡോളർ ചെലവാക്കി വൈദികവിദ്യാഭ്യാസശാഖ വികസിപ്പിക്കുന്നതിനുദ്ദേശിച്ചിരിക്കുകയാണ്.

ശാലകൾ ഇതിനുത്തമ ദൃഷ്ടാന്തങ്ങളാണ്". ആർജ്ജിക്കുന്നതിലും അഹങ്കരിക്കുന്നതിലും ഉത്സുകരായിരിക്കുന്ന ആധുനികന്മാരുടെ മേൽ നമ്മുടെ സംസ്കാരസമ്പന്നന്മാരായ പൂർവ്വന്മാരുടെ അങ്കികൾ പതിക്കട്ടെയെന്നു പ്രാർത്ഥിക്കാം.

"ഇംഗ്ലണ്ടിലെ ഈ നൂറ്റാണ്ടിലെ ഏററവും ഗണ്യനായ പുരുഷൻ" എന്ന പേരനാമത്തിനർഹനായ കാലം ചെയ്ത ഡാക്ടർ. ചാർല്സ് ഗോർ, ഇൻഡ്യാ വൈസ്രോയി ഇർവിൻ പ്രഭുവിന്റെ അതിഥിയായി ഇവിടെ വന്ന അവസരത്തിൽ ഈ സ്ഥാപനത്തിന്റെ ഉൽഘാടനകർമ്മം നിർവ്വഹിച്ചു എന്നതു് ഒരു മഹാഭാഗ്യമായി ഞങ്ങൾ കരുതുന്നു. ചില പാശ്ചാത്യർ ചില വർഷങ്ങളിൽ ഈ സ്ഥാപനത്തിലെ അദ്ധ്യാപകവൃത്തി തന്നെ അനുഷ്ഠിച്ചിട്ടുണ്ടു്. മഹാന്മാരുമായുള്ള സമ്പർക്കം ആത്മീയപ്രചോദനത്തിനുള്ള മുഖ്യകാരണമാണ്.

ഈ ശ്രേഷ്ഠപ്രസാദമുള്ള മഹാത്മാക്കളുടെ പാദസ്പർശനം അനുഗ്രഹത്തെ പ്രദാനം ചെയ്യുന്നു. രാജപ്രമുഖൻ തിരുമേനിയെ സ്വീകരിക്കുന്നതിനുള്ള അർഹത ഞങ്ങൾക്കുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. തിരുമനസ്സിലെ വാത്സല്യമായ കൃപാകടാക്ഷം ഒന്നുമാത്രമാണ് അദ്ദേഹത്തെ ഇവിടേക്കു നയിച്ചിട്ടുള്ളതു്. ദാഹിക്കുന്ന ഒരു നിസ്സഹായനായ ഭിക്ഷുവിനു് ഒരു പാത്രം തണുത്ത വെള്ളം കൊടുക്കുന്നതു് തനിക്കർപ്പിക്കുന്ന ഒരു ദിവ്യനേർച്ചയായി കരുതുന്ന കരുണാവാരിധിയായ ദൈവതിരുമനസ്സിലെ അദ്ദേഹം സമ്പൂർണ്ണമായി ഈ സേവനത്തിനു് മഹത്തായ പ്രതിഫലം കൊടുക്കുമെന്നു മാത്രം പറഞ്ഞുകൊള്ളട്ടെ. തിരുമനസ്സിലെ പുണ്യപാദങ്ങളിൽ കാഴ്ചവയ്ക്കുന്നതിനു് നന്ദിനിറഞ്ഞ ഹൃദയമല്ലാതെ ഞങ്ങൾക്കൊന്നുമില്ല. രാജപ്രമുഖൻ തിരുമേനിക്കു ഈ ...യ സ്ഥാപനത്തിന്റെയും ഈ ...ർ താലൂക്കു നിവാസികളുടെയും ...ല്, വിനീതമായ സ്വാഗതം ...ളിൽ സമർപ്പിച്ചുകൊള്ളുന്നു.

ആർക്കാട്ടു മിഷ്യന്റെ ശതൽസരാഘോഷം.

തെന്നിന്ത്യയിൽ സുവിശേഷപ്രവർത്തനവും ആതുരസംരക്ഷണവും വിദ്യാഭ്യാസപ്രവർത്തനങ്ങളും ചെയ്തുവരുന്ന അമേരിക്കൻ ആർക്കോട്ടുമിഷ്യന്റെ ശതവൽസരാഘോഷം ഉചിതമായിക്കൊണ്ടാടിയിരിക്കുന്നു. ഇതു സംബന്ധിച്ച ബഹളങ്ങളൊ ആർഭാടങ്ങളൊ ഉണ്ടായിരുന്നില്ല. എന്നാലൊ ദൈവത്തിനു നന്ദി പ്രകാശിപ്പിച്ചുകൊണ്ടുള്ള ആരാധനയും പൊതുയോഗത്തിനും മററുമായിരുന്നു മുഖ്യസ്ഥാനം. മിഷ്യന്റെ പ്രവർത്തനമണ്ഡലത്തിൽപ്പെട്ട ഇടവകകളിൽനിന്നും മററും 2000-ൽപരം പ്രതിനിധികൾ സംബന്ധിച്ചിരുന്നു.

1954_ലെ വർക്കക്യാമ്പുകൾ.

അഖിലലോകസഭാകൗൺസിൽ യുവജനത്തുവകുപ്പു 1954-ൽ ആസ്ത്രിയാ ബൽജിയം, സൈപ്രസ്, ഫിൻലൻഡ്, ഫ്രാൻസ് ജർമ്മനി, ബ്രിട്ടൻ, ഗ്രീസ്, ഇൻഡ്യാ, ഇററലി, ജപ്പാൻ, കൊറിയാ, ലബാനോൻ, മലയാ, നെതർലാൻഡ്സ്, ഫിലിപ്പൈൻസ്, പോർട്ടോറിക്കൊ, സ്വീഡൻ, തെയ്ലണ്ടു് ഐക്യനാട്ടുകൾ എന്നീ 20 രാജ്യങ്ങളിൽ എക്യൂമിനിക്കൽവർക്ക ക്യാമ്പുകൾ നടത്തുന്നതായിരിക്കും. ക്രിസ്തീയസഭയുടെ ഐക്യത്തെപ്പററിയും സത്യത്തെപ്പററിയും യുവജനങ്ങൾക്കു കൂടുതൽ അടുത്തറിയുന്നതിനുവേണ്ടിയാണ് ഈ വർക്ക ക്യാമ്പുകൾ നടത്തപ്പെടുന്നതു്. സഭകൾക്കു യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മനസ്സിലാക്കുന്നതിനും ഈ ക്യാമ്പു സഹായിക്കും. ഓരോ പദ്ധതിയും പ്രത്യേകആവശ്യത്തിനുവേണ്ടിയുള്ള ശുശ്രൂഷയാണ്. ദൈവത്തെ സാക്ഷീകരിച്ചുകൊണ്ടു ദൈവത്തിന്റെ ജനത്തിനു സേവനം ചെയ്യുന്ന എന്നതിന്റെ ഒരു പ്രകടനമാണു അഖിലവ്യാപകമായ ഈ വർക്ക ക്യാമ്പുകൾ. ക്രിസ്തീയസാക്ഷ്യത്തിനും ആരാധനയ്ക്കും പഠനത്തിനും അഖിലലോകസഭയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും ഈ ക്യാമ്പുകൾ അവസരം നൽകും.

യുവജനത്തുവകുപ്പിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള ഗ്രാമീണയുവജനങ്ങളും സഭയും എന്ന ലഘുലേഖകൾ 75 രാജ്യങ്ങളിലായി ചിതറിക്കിടക്കുന്ന 550 യുവജനഘടകങ്ങൾക്കു വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. ഗ്രാമീണ ഇടവകകളിലെ യുവജനങ്ങൾക്കു ചെയ്യാവുന്ന സേവനങ്ങളെപ്പററിയാണു ഈ ലഘുലേഖകൾ പ്രതിപാദിച്ചിരിക്കുന്നതു്.

മിഷ്യനറിമാരെപ്പററി സ്റ്റാൻലിജോൺസ്.

വിദേശമിഷ്യനറിമാരിൽ ചിലർ ഗവർമ്മെന്റിനെ മാനിക്കുന്നില്ലെന്നും ചിലർ പ്രാദേശികരാഷ്ട്രീയകാര്യങ്ങളിൽ തലയിടുന്നവെന്നും മററു ചിലർ താണവർഗ്ഗക്കാരെ മതപരിവർത്തനം ചെയ്യുന്നതിനു പ്രേരിപ്പിക്കുന്നുവെന്നും മററു ചിലർ പുറജാതികൾ എന്നും മററുമുള്ള ഹീനവാക്കുകൾ ഉപയോഗിക്കുന്നുവെന്നുമാണ് ഇൻഡ്യാ ഗവമ്മെൻറിന്റെ പരാതി.

ഈ സംഗതികൾ ശരിയാണെങ്കിൽ അതിനെ തടയേണ്ടതാണ്. ക്രിസ്തുമതത്തിന്റെ പഠിപ്പിക്കലിനെ ബാധിക്കുന്ന യാതൊരു സംഗതിയും ചെയ്യണമെന്നു് ഇൻഡ്യാ ഗവണ്മെൻറു പറയുന്നില്ല. ഉത്തരവാദിത്വമുള്ള മിഷ്യനറി ബോർഡുകളുടെ ആഭിമുഖ്യത്തിൽ ഇൻഡ്യാക്കാർക്കു അമേരിക്കൻ മിഷ്യനറിമാരുടെ സഹായം ആവശ്യമാണ്. തന്നിമിത്തം ഇൻഡ്യയിൽ അധിവസിക്കുന്ന മിഷ്യനറിമാർ നാഷനൽക്രിസ്ത്യൻകൗൺസിൽ തുടങ്ങിയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുകയൊ അല്ലാത്തപക്ഷം ഇൻഡ്യവിടുകയോയാണ് മെച്ചം.

ഫാദർ ജാക്സന്റെ മലയാസന്ദർശനം.

മലയായിലും സിംഗപ്പൂരിലുമുള്ള സുറിയാനി ക്രിസ്ത്യാനികളെ സന്ദർശിക്കുന്നതിനും അവരുടെ ആത്മീയ ആവശ്യങ്ങൾ നടത്തുന്നതിനും വേണ്ടി റവ. ഫാദർ ജാക്സൺ ക്രിസ്തുമസിനുമുമ്പ മലയായിൽ എത്തി. അദ്ദേഹത്തിന്റെ സന്ദർശനത്തെ മലയായിലെ ക്രിസ്ത്യാനികൾ ഹർഷസമന്വിതംസ്വാഗതംചെയ്തു. ജനുവരി 17, 24, 31

Licence NO. 498 Dated 20-8-1946 Reg. M. 5286

THE CHURCH WEEKLY

എന്നീ തീയതികളിൽ അദ്ദേഹം യഥാക്രമം കലാലംപൂർ, ബൊങ്കിംഗ്, സിങ്കപ്പൂർ എന്നീ സ്ഥലങ്ങളിൽ വി. കുർബാന ചൊല്ലി. ഫെബ്രുവരി 14-ാംനു- അദ്ദേഹം കലാലംപൂരിൽ വീണ്ടും വി. കുർബാന അർപ്പിച്ചശേഷം ഫെബ്രുവരി 19-ാംനു- 'രാജുല' എന്ന കപ്പലിൽ ഇൻഡ്യയിലേക്കു മടങ്ങുന്നതാണ്. ഈ സന്ദർശനവേളയിൽ അദ്ദേഹം ജോഹൊർ, ബഹ്റു എന്നീ സ്ഥലങ്ങളും സന്ദർശിക്കുന്നതാണ്. ഇദ്ദേഹത്തിന്റെ സന്ദർശനം പാണ്ഡിത്യമുള്ള മററു വൈദീകരെയും പ്രചോദിപ്പിക്കാതിരിക്കയില്ല എന്നു വിശ്വസിക്കാം.

സെർണോവുദമ്പതികളുടെ പ്രസംഗപര്യടനം

നാഷനൽ ക്രിസ്ത്യൻകൗൺസലിൽ നിന്നും ലഭിച്ച ഗ്രാൻറു് ഉപയോഗിച്ചുകൊണ്ടു പത്തനംതിട്ട കാതോലിക്കേററുകോളജ് പ്രിൻസിപ്പൽ ഡോ. സെർണോവും പത്നിയും സെറാംപൂർ, കൽക്കട്ട, ബനാറീസ്, ന്യൂഡെൽഹി, ആഗ്രാ, നാഗ്പൂർ, ജബൽപൂർ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു പ്രസംഗങ്ങൾ നടത്തിയശേഷം തിരിച്ചെത്തിയിരിക്കുന്നു. 1. പാശ്ചാത്യ ക്രൈസ്തവർ സ്ഥാപിച്ച കോളജുകളിലെ വൈദീക വിദ്യാർത്ഥികളോടു പൗരസ്ത്യഓർത്തഡോക്സ സഭയുടെ പഠിപ്പിക്കലിനെപ്പററിയും ആരാധനയെപ്പററിയും പ്രസംഗങ്ങൾ ചെയ്യുക. 2. ക്രൈസ്തവകോളജുകളിൽ മതവിദ്യാഭ്യാസം നൽകുന്നതിനുള്ള ഏററവും പററിയ മാർഗ്ഗത്തെപ്പററി ഇൻഡ്യയിലെ മികച്ച വിദ്യാഭ്യാസപ്രവർത്തകരോടു ചർച്ചകൾ നടത്തുക.

3. ഇൻഡ്യയിൽ ചിതറിപ്പാർക്കുന്ന സുറിയാനിക്രിസ്ത്യാനികളോടു കാതോലിക്കേററു കോളജിന്റെ പ്രവർത്തനത്തെപ്പററി പറഞ്ഞു് അവരുടെ സഹായവും താല്പര്യവും സമ്പാദിക്കുക. ഈ മൂന്നു കാര്യങ്ങളായിരുന്നു സെർണോവുദമ്പതികളുടെ യാത്രോദ്ദേശം.

ഈ ദമ്പതികൾക്കു് എങ്ങും ഹൃദയംഗമമായ സ്വീകരണങ്ങൾ ലഭിച്ചു. ഡോ. രാധാകൃഷ്ണൻ ഉൾപ്പെടെ പലരുമായി അവർ അഭിമുഖസംഭാഷണം നടത്തി.

തുമ്പമൺ മെത്രാസന ഇടവക സുവിശേഷസംഘം

തുമ്പമൺ മെത്രാസന ഇടവകയിലെ സൺഡേസ്കൂൾ, യൂത്ത്ലീഗ്, മർത്തമറിയം മുതലായ സംഘടനകളുടെ പ്രവർത്തകരുടെ ഒരു യോഗം മാർ പീലക്സീനോസ് എപ്പിസ്കോപ്പാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പത്തനംതിട്ട കാതോലിക്കേററു് കോളേജിൽ വച്ചു് ഫെബ്രുവരി 3-ാംനു- ബുധനാഴ്ച രണ്ടു മണിക്കു കൂടി ഇടവകകളിൽ ആഭ്യന്തര സുവിശേഷവേല ഈ സംഘടനാ പ്രവർത്തകർ നിർവഹിക്കണമെന്നും, ഓരോ ആഴ്ചയിലും ഓരോ ഇടവകയിൽ ചുററിസഞ്ചരിച്ചു് ആത്മീയ കാര്യങ്ങളെ പുരോഗമിപ്പിക്കണമെന്നും തിരുമേനി ഉൽബോധിപ്പിച്ചു. തുടർന്നു സൺഡേസ്കൂൾ ജനറൽ സെക്രട്ടറി റവ. ഫാദർ കെ. ഡേവിഡ് ആഭ്യന്തരവേലകളുടെ പ്രാധാന്യത്തേയും; ആത്മീയമായ ദർശനമുള്ള വ്യക്തികൾ പ്രവർത്തിക്കുമ്പോഴുള്ള പ്രയോജനത്തേയും കുറിച്ചു് പ്രബോധനം നൽകി. അനന്തരം നടന്ന കാര്യാലോചനയിൽ "തുമ്പമൺ മെത്രാസന ഇടവക സുവിശേഷ സംഘം" എന്ന പേരിൽ ഒരു സംഘടന രൂപവൽക്കരിക്കണമെന്നു് തീരുമാനിച്ചു. മെത്രാസന മിഷ്യൻ സെക്രട്ടറിയും, ഓരോ സംഘടനയുടേയും സെക്രട്ടറിമാരും അവരുടെ കീഴിലുള്ള സഹപ്രവർത്തകരും ഒരുമിച്ചു ചേർന്നതാണ് ഈ സംഘം. മിഷ്യൻ സെക്രട്ടറിയായി [illegible] എം. ററി. ഗബ്രിയേൽ കത്തനാരെ നിയമിച്ചു. വർഷത്തിൽ ജനുവരി, മേയ്, ഓഗസ്റ്റ്, എന്നീ മാസങ്ങളിലായി മൂന്നു പ്രാവശ്യം ഇതിന്റെ യോഗം ഉണ്ടായിരിക്കണമെന്നു തീരുമാനിച്ചു. ഇടവകകളിൽ പ്രാർത്ഥനായോഗങ്ങൾ രൂപവൽക്കരിക്കുന്നതിനും, ബാലികാബാലസമാജങ്ങളുടെ നടത്തിപ്പിനും ചുമതലക്കാരെ നിശ്ചയിച്ചു.

[illegible]ട്ടം കൊടുക്കൽ

[illegible]കോന്നി. ഫെബ്രുവരി. 12

കോന്[illegible]പുന്നൂരേത്തു റവ. ഡീക്കൻ പി. കെ. സ്കറിയാസ്സു് ഫെബ്രുവരി 14-ാംനു- ഞായറാഴ്ച ചെങ്ങന്നൂർ ബെഥേൽ അരമനയിൽ വച്ചു് നി. വ. ദി. ശ്രീ ഔഗേൻ മാർ. തീമോത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും മിഷ്യൻ ബിഷപ്പ് മാർ പീത്രോസ് ഒസ്താത്തിയോസ് തിരുമേനിയുടെ സഹകരണത്തിലും കശീശ്ശാപട്ടം നൽകുന്നതാണ്. ബ: ശെമ്മാശൻ മാർ ഒസ്താത്തിയോസ് തിരുമേനിയുടെ മലബാർ പര്യടന വേളയിൽ തിരുമേനിയുടെകൂടെ ഉണ്ടായിരുന്നുവെന്നുള്ളതും സ്മരണീയമത്രെ.

Printed and Published by N M. Abraham B.A. at the Malayala Manorama Pres[s]